**IV**.സബ്മിഷൻസ്

## അനധികൃത ഖനനം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാനത്തുടനീളം അനധികൃത ഖനനം വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. പാറ, മണൽ, കരിമണൽ, ധാതുക്കൾ എന്നീ മേഖലകളിൽ സർക്കാരിന്റെ അനുമതിയില്ലാതെ വലിയ തോതിൽ മാഫിയ സംഘങ്ങൾ കൊള്ള തുടരുകയാണ്. ഭരണകക്ഷിയിൽപ്പെട്ട ഉന്നതസ്ഥാനീയരുടെ സ്വാധീനത്തിലാണ് ഈ മാഫിയ പ്രവർത്തനങ്ങൾ നടക്കുന്നത്. സംസ്ഥാനത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതോടൊപ്പംതന്നെ പ്രകൃതിക്ക് അപരിഹാര്യമായ ആഘാതവും ഇതു മൂലം ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന അനധികൃത ഖനനം സംബന്ധിച്ച് പരാതികൾ ലഭിച്ചതിനെത്തുടർന്ന് 20-ഓളം സ്ഥലങ്ങളിൽ ഞാൻ നേരിട്ട് സന്ദർശിച്ചിട്ടുണ്ട്. അവിടെയെല്ലാം നഗ്നമായ നിയമലംഘനവും വലിയ പാരിസ്ഥിതിക പ്രശ്നങ്ങളുമാണ് എനിക്ക് കാണാൻ സാധിച്ചത്. ഇതിനുപുറമേ സ്ഥലവാസികളായവരുടെ ജീവനും സ്വത്തിനും വലിയ പ്രശ്നമാണ് ഖനനംമൂലം ഉണ്ടാകുന്നത്. പശ്ചിമഘട്ടത്തിൽപോലും ഇത്തരത്തിലുള്ള മാഫിയ പ്രവർത്തനം അനസ്യൂതം നടക്കുകയാണ്. ഇതുസംബന്ധിച്ച് നിരവധി പരാതികൾ മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട മന്ത്രിമാർക്കും നൽകിയിട്ടും യാതൊരു നടപടിയും ഉണ്ടായില്ല. ആ സ്ഥലങ്ങളിലൊക്കെ ഖനനം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി അനധികൃത ഖനനം തടയുന്നതിനുവേണ്ടി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ചർച്ചനടത്തി 15.03.2010-ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലറിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളിലൊന്നുപോലും

സർക്കാർ വകുപ്പുകൾ പാലിക്കുന്നില്ല. ഈ സർക്കുലറിലെ മൂന്നാം ഖണ്ഡിക യിൽ ഖനനം സംബന്ധിച്ച് എല്ലാ വിവരങ്ങളും ബന്ധപ്പെട്ട വകുപ്പ് അവരവ രുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് വ്യക്തമായി നിർദ്ദേശിച്ചി ട്ടുണ്ട്. എന്നാൽ ഒരു വകുപ്പിന്റെയും വെബ്സൈറ്റിൽ ഈ വിവരങ്ങൾ ലഭ്യ മല്ല. നാലാം ഖണ്ഡികയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട മറ്റ് വകുപ്പുകളും ജില്ലാ കളക്ടർമാരുടെയും പോലീസിന്റെയും സഹായ ത്തോടുകൂടി അനധികൃത ഖനനങ്ങൾ അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾക്കൊക്കെ പുല്ലുവിലയാണ് കൽപ്പിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ടുകൊണ്ട് അനധികൃത ഖനനം നിർത്തിവയ്ക്കണമെന്നും നമ്മുടെ പൊതുസ്വത്തും പ്രകൃതിയും സംരക്ഷിക്കണമെന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഏർപ്പെടുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, അനധികൃത ഖനനമെന്നുള്ളത് ഏത് കാലത്തും വലിയ പ്രശ്നമാണ്. ഖനനം നിയമപ്രകാരം മാത്രമേ നടക്കാൻ പാടുള്ളൂ അതുപോലെതന്നെ വ്യവസ്ഥാപിതമായിരിക്കണം. അതിന് കണ്ടീഷൻസ് പലതുംവച്ച് ആവശ്യത്തിനനുസരിച്ച് വളരെ നിയന്ത്രണവിധേയമായിട്ടാണ് എല്ലാ കാലത്തും ചെയ്യേണ്ടത്. പക്ഷേ, അനധികൃതമായി ചില ആളുകൾ ഇതിൽ ഏർപ്പെടും അപ്പോൾ അതിനെ തടയാൻ വേണ്ടി അതാത് മേഖല കളിൽ അതിനുള്ള സംവിധാനങ്ങളും കാര്യങ്ങളുമെല്ലാം ഉണ്ട്. അത് വളരെ കർശനമായി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഈ അടുത്തകാലത്തായി

ഖനനം നടത്തുന്നതിന് പെർമിറ്റ് കിട്ടുക, ലീസ് കിട്ടുക, അനുമതി കൊടുക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം വളരെ പ്രയാസകരമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ച സർക്കുലർ, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ് ഇനിഷ്യേറ്റ് ചെയ്ത് കൊടുത്തത്. അതനുസരിച്ച് നോക്കുകയാണെങ്കിൽ, മണൽ ഖനനം, പാറ ഖനനം തുടങ്ങിയവ പാടില്ലായെന്നുള്ള നിലയിൽത്തന്നെ വളരെ കർശനമായി സർക്കുലറും കാര്യങ്ങളും കൊടുത്തിട്ടുണ്ട്. സർക്കുലർ ഇറങ്ങിയ ഉടൻത്തന്നെ ഒരുപാട് പ്രശ്നങ്ങൾ വേറെവന്നു. മണൽ ഖനനത്തിലും ക്വാറി ഖനനത്തിലും ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ പ്രശ്നം വന്നു. അതുപോലെയുള്ള ഒരുപാട് പ്രശ്നങ്ങൾ വേറെയും വന്നു. ഖനനം തീർത്തും നിരോധിക്കാനോ അനുമതി കൊടുക്കാതിരിക്കാനോ കഴിയില്ല. കഴിയുന്നതും കർശനമായി നിയന്ത്രണ വിധേയമാക്കികൊണ്ട് പോവുകയെന്നല്ലാതെ വേറെ വഴിയില്ല. ഇപ്പോൾ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി തുടങ്ങിയ എല്ലാ വകുപ്പുകളിൽ നിന്നും ഖനനത്തിന് അനുമതി കിട്ടുന്നത് വളരെ ബുദ്ധിമുട്ടുള്ള സംഗതിയായി മാറിയ സാഹചര്യമാണുള്ളത്. അതിന്റെ പരാതികളും പ്രശ്നങ്ങളും പ്രക്ഷോഭങ്ങളും ഒരുഭാഗത്ത് നടക്കുന്നുണ്ട്. അനധികൃത ഖനനം ഒരിക്കലും അനുവദിക്കുകയില്ല. അത് കൂടുതൽ കൂടുതൽ കർക്കശമാക്കി വരികയാണ്. അക്കാര്യത്തിൽ യാതൊരു ആശങ്കയും ആവശ്യമില്ല. ഇത് ഒന്നുകൂടി കർശനമാക്കുകയേയുള്ളൂ.

## പ്ലാച്ചിമട സ്പെഷ്യൽ ട്രിബ്യൂണൽ ബില്ലിന് അനുമതി

ശ്രീ. എ. കെ. ബാലൻ: സർ, 12-ാം കേരള നിയമസഭ ഏകകണ്ഠേന പാസ്സാക്കിയ പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് കോമ്പൻസേഷൻ

ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ – 2011–ന് പ്രസിഡന്റിന്റെ അനുമതിക്കായി 29.03.2011–ന് കേരള ഗവർണ്ണർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചു. രണ്ട് വർഷം കഴിഞ്ഞിട്ടും ഇതുവരെയും അനുമതി നൽകിയിട്ടില്ല. കേന്ദ്രം ബില്ലിന് വിശദീകരണം തേടി തിരിച്ചയച്ച വിവരം ഇതിനകം ഈ സഭയിൽ പലപ്പോഴും പരാമർശിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം നന്ദിപ്രമേയ ചർച്ചയിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അങ്ങ് അതിന് മറുപടിയൊന്നും പറഞ്ഞില്ല. കേന്ദ്രത്തിന്, സംസ്ഥാന ഗവൺമെന്റ് 17–11–2011–നും 03–07–2012–നും നൽകിയ രണ്ട് മറുപടി എട്ടാം സമ്മേളനത്തിലെ 80–ാം നമ്പർ നക്ഷത്രചിഹ്നമിട്ട എന്റെതന്നെ നിയമസഭാ ചോദ്യത്തിനുത്തരമായി സർക്കാർ അറിയിച്ചിട്ടുണ്ട്. സർക്കാർ വിശദീകരണം നൽകി ഒന്നരവർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ വീണ്ടുമെടുക്കുന്ന നിഷേധ നിലപാട് കേരള ജനതയെ അപമാനിക്കുന്നതിന് തുല്യമാണ്. ഇവിടെ ട്രിബ്യൂണൽ രൂപീകരണം തടയുന്നതിനുവേണ്ടി അഭ്യന്തര മന്ത്രാലയം ആഗോള കുത്തകയായ കൊക്കകോള കമ്പനിക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കുകയാണ്. ട്രിബ്യൂണൽ രൂപീകരണം തടയാൻ കൊക്കകോള കമ്പനി നടത്തുന്ന ശ്രമത്തിന്റെ ഭാഗമായാണ് കേന്ദ്ര ഗവൺമെന്റ് ബിൽ പൂഴ്ത്തിവയ്ക്കുന്നത്. ആദ്യം കേന്ദ്രആഭ്യന്തര വകുപ്പ് ഈ ബിൽ പ്രസിഡന്റിന് അയയ്ക്കാതെ അഞ്ച് മാസം തടഞ്ഞുവച്ചു. പിന്നീട് കൊക്കകോള കമ്പനി കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തോട് വിശദീകരണം ചോദിച്ചത്. സംസ്ഥാന സർക്കാർ അയച്ച ബിൽ ലീഗൽ പ്രോസസ് നടത്തേണ്ട അഭ്യന്തര – നിയമ വകുപ്പ് തങ്ങളുടെ സ്വന്തം അഭിപ്രായം രേഖ

പ്പെടുത്താതെ കൊക്കകോള കമ്പനിയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തോട് വിശദീകരണം ചോദിക്കുന്നത് നിയമനിർമ്മാണ ചരിത്രത്തിലെ ലജ്ജിപ്പിക്കുന്ന സംഭവമാണ്. ഈ നിയമനിർമ്മാണത്തിന് സംസ്ഥാനത്തിന് അധികാരമില്ലെന്നും കേന്ദ്രത്തിന് മാത്രമാണ് അധികാരമുള്ളതെന്നും ചൂണ്ടിക്കാണിച്ചാണ് കൊക്കകോള കമ്പനി കേന്ദ്രത്തിന് കത്ത് നൽകിയത്. കേരളത്തിലെ നിയമനിർമ്മാണ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു ഈ ബിൽ. ഇന്ത്യൻ ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ സംരക്ഷണത്തിലാണ് ഈ നിയമം ഏകകണ്ഠേന പാസ്സാക്കിയത്. നിയമം വഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമങ്ങൾ അനുസരിച്ചല്ലാതെ യാതൊരു ആളുടെയും ജീവനോ വ്യക്തി സ്വാതന്ത്ര്യമോ ഇല്ലാതാക്കാൻ പാടുള്ളതല്ലായെന്ന് ഭരണഘടന അനുശാസിക്കുന്നു. അതിന്റെ തണലിലാണ് ഈ ബിൽ പാസ്സാക്കിയത്. ബഹുരാഷ്ട്ര കുത്തകകൾ ഈ വ്യവസ്ഥയ്ക്ക് എതിരായാണ് പ്രവർത്തിക്കുന്നത്. ഭോപ്പാൽ യൂണിയൻ കാർബൈഡ് ദുരന്തം ഇതിനൊരുദാഹരണമാണ്. ആയിരങ്ങളുടെ ജീവൻ അപഹരിച്ച ദുരന്തത്തിന് ഇരയായവർക്ക് അർഹതപ്പെട്ട ആനുകൂല്യം കൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കൊക്കകോള കമ്പനി പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിൽ സ്ഥാപനം ആരംഭിക്കുമ്പോൾ തദ്ദേശവാസികൾ എതിർത്തിരുന്നില്ല. തദ്ദേശവാസികൾക്കും പക്ഷിമൃഗാദികൾക്കും മണ്ണിനും വെള്ളത്തിനും ജനങ്ങളുടെ ആരോഗ്യത്തിനും കൃഷിക്കും തൊഴിലവസരത്തിനും പരിസ്ഥിതിക്കും മലിനീകരണം കൊണ്ടുണ്ടായ ദുരന്തം നേരിട്ടനുഭവിക്കാൻ നിർബന്ധിക്കപ്പെട്ട അവസരത്തിലാണ് ജനങ്ങൾ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്തത്. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാനും പ്രതിവിധികൾ നിർദ്ദേശിക്കാനും 2009

ഏപ്രിലിൽ, അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ ഐ.എ.എസ്., അദ്ധ്യക്ഷനായ ഒരു ഉന്നതാധികാരവിദഗദ്ധ സമിതിയെ സർക്കാർ നിയമിച്ചു. ഈ കമ്മിറ്റിയുടെ നിഗമനങ്ങളാണ് പ്ലാച്ചിമട ട്രിബ്യൂണലിന് ആധാരം. രാജ്യത്തെ എട്ട് വ്യത്യസ്ത നിയമങ്ങൾ കോള കമ്പനി ലംഘിച്ചതായി കണ്ടെത്തി. ഈ ലംഘനങ്ങൾക്ക് സമയാസമയങ്ങളിൽ കമ്പനിക്കെതിരെ നടപടിയെടുക്കാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് കഴിഞ്ഞില്ല. ഈ സാഹചര്യത്തിലാണ് നിയമസഭ ഏകകണ്ഠേന ഈ ബിൽ പാസ്സാക്കിയത്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനോട് ഈ സഭയുടെ വികാരം അറിയിക്കണമെന്നും ബില്ലിന് അംഗീകാരം നേടാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. അതോടൊപ്പം പെപ്സികോള കമ്പനി ഇപ്പോൾ പുതുശ്ശേരിയിലുണ്ട്. അതും വെള്ളം ഊറ്റിയെടുക്കുകയാണ്. ഗുരുതരമായ പ്രശ്നം അവിടെയുണ്ടാകാൻ പോവുകയാണ്. സബ്ജക്ട് കമ്മിറ്റി ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റിനുതന്നെ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായും ഗവൺമെന്റ് യാതൊരു നടപടിയും എടുത്തിട്ടില്ല. ഈ പ്രശ്നം യഥാർത്ഥത്തിൽ അടിയന്തരപ്രമേയത്തിന്റെയോ ശ്രദ്ധക്ഷണിക്കലിന്റെയോ ഭാഗമായി കൊണ്ടുവരേണ്ടതാണ്. എന്നാൽ നിരവധി വിഷയങ്ങളുള്ളതുകൊണ്ടാണ് ഈ വിഷയം ആ രൂപത്തിൽ വരാത്തത്. അതുകൊണ്ട് ഈ സബ്മിഷൻ, സാധാരണ രീതിയിലുള്ള സബ്മിഷനല്ല. നമ്മുടെ കേരളത്തെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണിത്. 246 കോടി രൂപ പാവപ്പെട്ട കൃഷിക്കാർക്കും തദ്ദേശവാസികൾക്കും നഷ്ടപ്പെട്ട ഒരു പ്രശ്നമെന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്ന് ഇക്കാര്യത്തിൽ പ്രോപ്പറായ മറുപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഈ നിയമം ഇവിടെ ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. ഇക്കാര്യത്തിൽ എല്ലാവരും ഒരേ അഭിപ്രായക്കാരാണ്. 24-02-2011-ൽ നിയമസഭ പാസ്സാക്കിയ ഈ നിയമം 29-03-2011-ൽ ബഹുമാനപ്പെട്ട ഗവർണ്ണർ കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുത്തു. കേന്ദ്രഗവൺമെന്റിൽ നിന്നും ഗവൺമെന്റിനോട് വിശദവിവരങ്ങൾ ആരാഞ്ഞുകൊണ്ട് 17-11-2011, 03-07-2012, 21-11-2013 എന്നീ തീയതികളിൽ കത്തുകൾ അയച്ചിരുന്നു. ഈ മൂന്ന് കത്തുകൾക്കും യഥാസമയം ഗവൺമെന്റ് മറുപടി അയച്ചു. അതിനുപുറമേ ഈ വിഷയം എം.പി. മാരുടെ യോഗങ്ങളിൽ സ്ഥിരം അജണ്ടയാണ്. കാരണം കേരളനിയമസഭ പാസ്സാക്കിയ നിയമത്തിലുള്ള അംഗീകാരം വാങ്ങുന്നതിന് കേരളത്തിൽ നിന്നുള്ള എം.പി.മാരും അക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ ഈ നിയമം പാസ്സാക്കാൻ കേരളനിയമസഭയ്ക്ക് അധികാരമില്ല. കേന്ദ്രഗവൺമെന്റ് നിയോഗിച്ചിട്ടുള്ള ഗ്രീൻ ട്രിബ്യൂണലിന് മാത്രമേ അധികാരമുള്ളു എന്ന ഒരു വാദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത് ഒരുവിധത്തിലും സ്വീകാര്യമല്ല. ദേശീയ ഗ്രീൻ ട്രിബ്യൂണലിനുമാത്രമേ അധികാരമുള്ളു എന്നു പറയുന്ന വാദത്തോട് യോജിക്കാൻ നിവൃത്തിയില്ല. നമുക്ക് പ്രസ്തുത നിയമം കൊണ്ടുവരാനുള്ള അവകാശമുണ്ട്. അതുകൊണ്ടുതന്നെ എല്ലാ വിവരങ്ങളും അറിയിച്ചിട്ടുണ്ട്. അവസാന ഘട്ടത്തിലേക്ക് ഇപ്പോൾ എത്തിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഏറ്റവും വേഗത്തിൽ ഇതിന്റെ അംഗീകാരം കിട്ടാൻ വേണ്ടി സംസ്ഥാന ഗവൺമെന്റും നമ്മുടെ എം.പി.മാരും എല്ലാ നടപടികളും ചെയ്തു

കൊണ്ടിരിക്കുകയാണ്. ആ ശ്രമങ്ങൾ തുടരും. ഏറ്റവും വേഗത്തിൽ ഇതിന്റെ അംഗീകാരം വാങ്ങിയെടുക്കും എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

**കന്നട ഭാഷാ ന്യൂനപക്ഷ അവകാശ കമ്മീഷൻ**

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, മഞ്ചേശ്വരം മണ്ഡലം ഉൾക്കൊള്ളുന്ന കാസർഗോഡ് താലൂക്കിനെ കന്നട ഭാഷാ ന്യൂനപക്ഷപ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. കന്നട ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ സംരക്ഷിച്ചുനൽകുന്നതിന് ആവശ്യമായ സർക്കാർ ഉത്തരവുകളും സർക്കുലറുകളും മറ്റു മാർഗനിർദ്ദേശങ്ങളും സംസ്ഥാന സർക്കാർ കാലാകാലങ്ങളിലായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അനവധി കോടതി ഉത്തരവുകളും മറ്റും സർക്കാരിന്റെ മുമ്പിലുണ്ട്. ഭാഷാ ന്യൂനപക്ഷ കമ്മീഷനിലെ അഞ്ചാം റിപ്പോർട്ടിലെ ശുപാർശകളുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നൽകിയിട്ടുള്ള സൗകര്യങ്ങളും അവകാശങ്ങളും എന്തൊക്കെയാണെന്ന് വിവരിച്ചുകൊണ്ടുള്ള മുദ്രണം ചെയ്ത ഒരു പാംലെറ്റ് 1965-ൽ സംസ്ഥാന സർക്കാർ ഇറക്കിയിട്ടുണ്ട്. പുതിയ ഉത്തരവുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആയതിന്റെ ചുരുങ്ങിയ പതിപ്പ് 1984-ലും 2002-ലും ഇറക്കിയിട്ടുണ്ട്. ഈ പാംലെറ്റിൽ കാണിച്ച പല സർക്കാർ ഉത്തരവുകളും അതേപടി കടലാസിൽ കിടന്നുറങ്ങുന്നതല്ലാതെ ആയതിന്മേൽ ക്രിയാത്മകമായ നടപടി കൈക്കൊള്ളുന്നതിൽ ബന്ധപ്പെട്ട അധികാരികൾ വിമുഖത കാണിക്കുകയും കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്യുന്നുണ്ട്. ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ അതാത്

ഭാഷാ ന്യൂനപക്ഷ പ്രദേശമായ സ്ഥലത്തുതന്നെ നിയമിക്കണമെന്ന് സർക്കാർ ഉത്തരവുണ്ടെങ്കിലും ആയതിന് കടകവിരുദ്ധമായി തിരുവനന്തപുരത്തേക്കു പോലും സ്ഥലം മാറ്റിയ സംഭവം നിലവിലുണ്ട്. കാസർഗോഡ് ജില്ലയിലെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി നിയമിച്ച ഡോ. പ്രഭാകർ കമ്മീഷൻ റിപ്പോർട്ട് കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംര ക്ഷിക്കുന്നതിൽ വീഴ്ച കണ്ടെത്തുകയും കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുനൽകുന്നതിന് കാലാകാലങ്ങളിലായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും മറ്റും വേണ്ട രീതിയിൽ പ്രാവർത്തികമാക്കേണ്ട താണെന്നും സൂചിപ്പിച്ചിട്ടുണ്ട്. കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശ ങ്ങൾ സംരക്ഷിച്ചു കിട്ടുന്നതിന് അസംഘടിതരായ ഈ വിഭാഗങ്ങൾക്ക് ബഹു മാനപ്പെട്ട കോടതികളെ ആശ്രയിക്കേണ്ടതായി വരുന്നുണ്ട്. ആയതിന് ഭാരിച്ച ചെലവുകൾ വഹിക്കേണ്ടതായി വരുന്നു. നിർധനരായ കന്നട ഭാഷാ ന്യൂനപ ക്ഷങ്ങളിലുളളവർക്ക് കോടതിയെ പോലും ആശ്രയിക്കാൻ കഴിയാത്ത അവസ്ഥയാണുളളത്. മേൽസാഹചര്യങ്ങളിൽ കന്നട ഭാഷാ ന്യൂനപക്ഷ ങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു കന്നട ഭാഷാ ന്യൂനപക്ഷ കമ്മീഷനെ സംസ്ഥാനത്ത് നിയമിക്കണമെന്ന് ഞാൻ അഭ്യർത്ഥി ക്കുകയാണ്. മലയാള ഭാഷ, ഭരണഭാഷ ആയതിനുശേഷം സർക്കുലറുകളും ലെറ്ററുകളും മലയാളത്തിലും കന്നടയിലും നൽകിയിരുന്നത് ഇന്ന് മലയാളം മാത്രമായി ചുരുക്കിയിട്ടുണ്ട്. മലയാള ഭാഷ ഭരണ ഭാഷ ആക്കിയതിൽ ഞങ്ങൾ ഒരിക്കലും എതിരല്ല. പക്ഷേ നമ്മുടെ പ്രദേശത്ത് ഇന്ന് നില നിൽക്കുന്ന അവസ്ഥ, ഒരു പഞ്ചായത്തിൽ നാലാംക്ലാസുവരെ പഠിപ്പിക്കുന്ന ഒരു സ്കൂൾ മാത്രമാണുളളത്. നാലാം ക്ലാസ് കഴിഞ്ഞ് അഞ്ചാം ക്ലാസ്സിലേക്ക്

മലയാളം പഠിക്കാൻ പോകണമെങ്കിൽ 15-ഉം 20-ഉം കിലോമീറ്റർ അകലെ പോയി പഠിക്കേണ്ട ഒരവസ്ഥയാണ്. അതുകൊണ്ട് മലയാളം പഠിക്കാൻ കുട്ടികളെ കിട്ടാത്ത ഒരവസ്ഥ നിലവിലുണ്ട്. അതിന് ഒരു പരിഹാരം കാണണ മെന്ന് പ്രത്യേകമായി ഈയവസരത്തിൽ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരള സംസ്ഥാനത്ത് പ്രധാന ഭാഷാ ന്യൂനപക്ഷങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നത് തമിഴ്, കന്നട ഭാഷ കൾ സംസാരിക്കുന്നവരെയാണ്. ഈ ഭാഷകൾ സംസാരിക്കുന്നവർ ഒരു പ്രദേശത്തിന്റെ ജനസംഖ്യയുടെ പതിനഞ്ച് ശതമാനമോ അതിലധികമോ ആണെങ്കിൽ ആ പ്രദേശത്തെ ഭാഷാ ന്യൂനപക്ഷ പ്രദേശമായി അംഗീകരിച്ച് നിരവധി ആനുകൂല്യങ്ങൾ സർക്കാർ നൽകി വരുന്നുണ്ട്. ഭാഷാ ന്യൂനപക്ഷ ങ്ങൾക്കുവേണ്ടി സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാ നതല കമ്മിറ്റിയും ജില്ലാകളക്ടർമാർ ചെയർമാൻമാരായി ജില്ലാതല കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനതല കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി സംസ്ഥാന ലിംഗ്വിസ്റ്റിക് മൈനോറിറ്റി ഓഫീസറെയും നിയമിച്ചിട്ടുണ്ട്. സംസ്ഥാനതല കമ്മിറ്റി അവസാനമായി 04-10-2012-ൽ കൂടുകയുണ്ടായി. ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളുള്ള തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ജില്ലാകമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഔദ്യോഗിക ആവശ്യ ങ്ങൾക്കായി മലയാളം ഉപയോഗിക്കുമ്പോൾത്തന്നെ ന്യൂനപക്ഷ ഭാഷ കൾക്കും പ്രാധാന്യം നൽകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കു ന്നത്. ന്യൂനപക്ഷപ്രദേശങ്ങളിൽ മലയാളത്തോടൊപ്പം ന്യൂനപക്ഷഭാഷകളും ഉപയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളുടെ താൽപ്പ

ര്യങ്ങൾ സംരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. ബഹുമാനപ്പെട്ട മെമ്പർ കാസർഗോഡ് ജില്ലയിലെ കാര്യമാണ് ഊന്നിപ്പറഞ്ഞിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി നിയമിച്ച ഡോ. പ്രഭാകരൻ കമ്മീഷൻ കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച കണ്ടെത്തുകയും കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുനൽകുന്നതിന് കാലാകാലങ്ങ ളായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും മറ്റും വേണ്ട രീതിയിൽ പ്രാവർത്തികമാക്കേണ്ടതാണെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് അസംഘടിതരായ ഈ വിഭാഗങ്ങൾക്ക് ബഹുമാനപ്പെട്ട കോടതികളെ ആശ്ര യിക്കേണ്ടിവരുന്നുവെന്നതാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റൊരു കാര്യം. അതല്ലാതെതന്നെ അവരുടെ ആവശ്യങ്ങൾക്ക് നീതി നൽകു ന്നതിന് പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശ കമ്മീഷൻ നിയോഗിക്കണമെന്ന ആവശ്യം ഇതുവരെ ഗവൺമെന്റിന്റെ പരിഗണനയിൽ വന്നിട്ടില്ല. ബഹുമാന പ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ അതിന്റെ ആവശ്യകതകളെ ക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കും.

## വാഹനാപകടം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, 26-01-2014-ന് വൈകുന്നേരം എന്റെ മണ്ഡലത്തിൽ ഈസ്റ്റ് എളേരി പഞ്ചായത്തിൽ കാറ്റാം കവല വള്ളിക്കടവ് മലയോര ഹൈവേയിൽ ഒരു ഭീകരമായ വാഹനാപകടം നടന്നു. നാലുപേർ മരിച്ചു. മധ്യപ്രദേശുകാരായ രാംലാൽ, വൈശാഖ്,

സബൂർ, രംഗലാൽ എന്നിവരാണ് മരിച്ചത്. ഗുരുതരമായ പരിക്കുപറ്റിയ വണ്ടിയുടെ ഡ്രൈവർ പളനിസ്വാമി, ബുദ്ധസിംഗ്, വൈശാഖ്, തവ, ഗുപ്ത എന്നിവരെ പരിയാരം മെഡിക്കൽകോളേജിൽ നിന്നും വിദഗ്ദ്ധ ചികിൽസക്കായി കോയമ്പത്തൂർ ഗംഗാ ആശുപത്രിയിൽ കൊണ്ടുപോയിരിക്കുകയാണ്. ബോർവെൽ കുഴിക്കുന്ന ലോറിയാണ് അപകടത്തിൽപ്പെട്ടത്. സ്ഥിരം അപകടമേഖലയാണിത്. കുത്തനെയുള്ള കയറ്റവും ഇറക്കവും ഈ റോഡിന്റെ പ്രത്യേകതയാണ്. അപകടത്തിന് വളരെയേറെ സാധ്യതയുള്ള പ്രദേശമാണിത്. റോഡിന്റെ കയറ്റവും ഇറക്കവും കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. പതിനെട്ട് വയസ്സിൽ താഴെയുള്ള അന്യസംസ്ഥാനതൊഴിലാളികളാണ് അപകടത്തിൽപ്പെട്ടത്. ചുരുങ്ങിയ വേതനം നൽകി ജോലിയെടുപ്പിച്ച് വലിയ ചൂഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിന് നിയന്ത്രണമുണ്ടാക്കാൻ കഴിയണം. മരണപ്പെട്ടവർക്കും ഗുരുതര പരിക്ക് പറ്റിയ ആളുകൾക്കും സാമ്പത്തിക സഹായം നൽകണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) പറഞ്ഞ വളരെ ദു:ഖകരമായ ഒരപകടമാണ് 26-ാം തീയതി നടന്നത്. കുഴൽ കിണർ കുഴിക്കുന്ന ലോറി മറിഞ്ഞ് നാലു പേർ മരിക്കുകയും മറ്റ് നിരവധിപേർക്ക് ഗുരുതരമായ പരിക്ക് പറ്റുകയും ചെയ്തു. മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായവും പരിക്കേറ്റവർക്ക് ചികിൽസാ സഹായവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകുന്നതാണ്. തൃക്കരിപ്പൂർ മണ്ഡലത്തിൽ ഈസ്റ്റ് എളേരി പഞ്ചായത്തിൽപ്പെട്ട കാറ്റാംകവല പറമ്പ് റോഡിലെ അപകടകരമായ കയറ്റം ഒഴിവാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി.

ഈ അപകടം ഉണ്ടായത് ആ സ്ഥലത്താണ്. ഇക്കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്. അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ പി.ഡബ്ല്യു.ഡി.യോട് ആവശ്യപ്പെടുന്നതാണ്.

## താമരശ്ശേരി മുൻസിഫ് കോടതി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, താമരശ്ശേരി കോടതി കോംപ്ലക്സിൽ മുൻസിഫ് കോടതി ആരംഭിക്കണമെന്ന ആവശ്യത്തിന് വളരെ പഴക്കമുണ്ട്. ഇത് പരിഗണിച്ച് ബഹുമാനപ്പെട്ട മാണിസാർ പ്രത്യേകം താൽപ്പര്യം കാണിച്ചാണ് ജി.ഒ. (എം.എസ്.) നം. 271/12 പ്രകാരം മുൻസിഫ് കോടതി ആരംഭിക്കാൻ ഉത്തരവുണ്ടായത്. എന്നാൽ രണ്ട് മജിസ്ട്രേട്ട് കോടതികളിൽ ഒന്ന് മുൻസിഫ് കോടതിയാക്കാനും നിലവിലുള്ള സ്റ്റാഫിനെ ഉപയോഗിക്കാനുമായിരുന്നു തീരുമാനം. സിവിൽ കോടതി സ്റ്റാഫും ക്രിമിനൽ കോടതി സ്റ്റാഫും പ്രത്യേക വിഭാഗമായി പ്രവർത്തിക്കുന്നതുകാരണം ഇവരെ ഉപയോഗിക്കാനുള്ള പ്രായോഗിക പ്രശ്നം ചൂണ്ടിക്കാണിച്ച് ഹൈക്കോടതി രജിസ്ട്രാർ 08.03.2012-ൽ സർക്കാരിൽ കത്തയയ്ക്കുകയുണ്ടായി. അതിനുശേഷം ബാർ കൗൺസിൽ ഭാരവാഹികൾ ഉൾപ്പെടെയുള്ള നിവേദനസംഘം മാണി സാറിനെ കണ്ട് സംസാരിച്ച പ്രകാരം 2013-ൽ ജി.ഒ. (എം.എസ്.) നം. 251/13 പ്രകാരം 01.04.2014-ൽ പ്രാബല്യത്തിൽ വരത്തക്കവിധം പുതിയ സർക്കാർ ഉത്തരവിറക്കി. എന്നാൽ ഈ ഉത്തരവിൽ 8 സ്റ്റാഫിനെ നിയമിക്കാൻ മാത്രമെ അനുമതി നൽകിയിട്ടുള്ളൂ. ഡെപ്യൂട്ടി നാസർ-1, ആമീൻ-1, കോർട്ട് കീപ്പർ-1, പ്രോസസ് സെർവർ-4 എന്നിങ്ങനെയാണ് സ്റ്റാഫ് പാറ്റേൺ. ഇതിൽത്തന്നെ ജൂനിയർ സൂപ്രണ്ട് ഉൾപ്പെട്ടിട്ടില്ല. ആകെ 27 ജീവനക്കാർ

വേണ്ടിടത്താണ് 8 തസ്തികകൾ സൃഷ്ടിച്ചത്. ഇപ്പോൾ താമരശ്ശേരി പുതിയ താലൂക്ക് ആസ്ഥാനം കൂടിയാണ്. വിവിധ കോടതികളിൽനിന്ന് ഏകദേശം 5000–ത്തോളം കേസ്സുകൾ ഇങ്ങോട്ട് മാറ്റേണ്ടതായിട്ടുണ്ട്. അറുപതും എഴുപതും കിലോമീറ്റർ ദൂരം സഞ്ചരിച്ചാണ് മലയോര മേഖലയിലെ ജനങ്ങൾ ഇപ്പോൾ കോടതിയിൽ എത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ അങ്ങ് ഇക്കാര്യത്തിൽ ഒരു പ്രത്യേക പരിഗണന നൽകി ബാക്കിയുള്ള തസ്തികകൾ കൂടി അനുവദിച്ചുകൊണ്ട് പൂർണ്ണ തോതിലുള്ള ഒരു മുൻസിഫ് കോടതി പ്രവർത്തിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, താമരശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ക്രിമിനൽ കേസ്സുകൾ വളരെ കുറവാണെന്നും അതുകൊണ്ട് പ്രസ്തുത കോടതി പരിവർത്തനം ചെയ്ത് മുൻസിഫ് മജിസ്ട്രേട്ട് കോടതിയായി രൂപീകരിക്കണമെന്നും ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് നിലവിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിലെ തസ്തികകൾ ഉപയോഗപ്പെടുത്തി മുൻസിഫ് മജിസ്ട്രേട്ട് കോടതി രൂപീകരിക്കുന്നതിന് അനുമതി നൽകി. എന്നാൽ ഇപ്പോൾ ഹൈക്കോടതിയുടെ അഭ്യർത്ഥന അനുസരിച്ച് 8 പുതിയ തസ്തികകൾകൂടി സൃഷ്ടിച്ചിട്ടുണ്ട്. കോടതിക്കിപ്പോൾ 23 തസ്തികകളുണ്ട്. ഈ തസ്തികകൾ ഉപയോഗിച്ച് മുൻസിഫ് മജിസ്ട്രേട്ട് കോടതിയുടെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

## നിർമ്മാണ പ്രവൃത്തികളുടെ സ്തംഭനാവസ്ഥ

ശ്രീ. പി.കെ. ബഷീർ: സർ, നമ്മുടെ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പുകളുടെ ബിൽ കുടിശ്ശികയായതുമൂലം സംസ്ഥാനത്തെ മരാമത്ത് പണികളൊക്കെ സ്തംഭിക്കുന്ന ഒരു അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ആറ് മാസമായി കരാറുകാർക്ക് അവരുടെ ബിൽ സംഖ്യ ലഭിക്കുന്നില്ല. സംസ്ഥാനത്ത് കഴിഞ്ഞ ജൂലൈ മാസം മുതൽ ഈ നവംബർ മാസം വരെ 717 കോടി രൂപയോളം ബിൽ പെന്റിംഗായി കിടക്കുകയാണ്. ജലസേചന വകുപ്പിലും 200 കോടി രൂപയോളം ബിൽ പെന്റിംഗായി കിടക്കുന്നതുകൊണ്ട് കരാറുകാർ ഇപ്പോൾ അവരുടെ പ്രവൃത്തി നിർത്തിവയ്ക്കുന്ന ഒരു അവസ്ഥ സംജാതമായിരിക്കുക യാണ്. നമ്മുടെ സംസ്ഥാനത്ത് സീസണായി നിൽക്കുന്ന ഒരു കാലഘട്ടമാണ് ജനുവരി മാസം മുതൽ മെയ് മാസം വരെ. അതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതോടുകൂടി പല വികസന പ്രവർത്തന ങ്ങൾക്കും സ്തംഭനാവസ്ഥ നേരിടുകയാണ്. ഇങ്ങനെ ബിൽ കുടിശ്ശിക വരുന്നതുമൂലം സംസ്ഥാന സർക്കാരിനും സാമ്പത്തിക നഷ്ടമുണ്ട്. കരാറുകാരന് പണം ലഭിക്കാതെവരുന്ന സാഹചര്യത്തിൽ അവർ കോടതിയെ സമീപിക്കുകയും കോടതി അവർക്ക് പലിശയടക്കം ഈ ബിൽ സംഖ്യ കൊടുക്കാൻ പറയുമ്പോൾ നമ്മുടെ സാമ്പത്തിക സ്ഥിതിയിൽത്തന്നെ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല നമ്മുടെ വികസന പ്രവർത്തന ങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. കരാറുകാരാണെങ്കിൽ മിക്കവാറും ബാങ്ക് ലോണുകളൊക്കെ എടുത്താണ് പ്രവൃത്തി ചെയ്യുന്നത്. അതുകൊണ്ട്

ബിൽ കുടിശ്ശിക വരുന്നതുമൂലം അവർ കടത്തിലാകുന്നു. അവരുടെ അസോസിയേഷനൊക്കെ കൂടി ഈ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട മാണി സാർ ഈ വക കാര്യങ്ങളെ സംബന്ധിച്ചൊക്കെ നന്നായി അറിയാവുന്ന ആളാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനം നടക്കുന്നതിനും കരാറുകാർക്ക് ഇപ്പോൾ ഈ കുടിശ്ശികമൂലം വന്നിട്ടുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്ന തിനും അവരുടെ കുടിശ്ശിക സംഖ്യ പെട്ടെന്ന് കൊടുത്തുതീർക്കുന്നതിനു മുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമുക്ക് വരുമാനം ലഭിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് വനം വകുപ്പ്. വനം വകുപ്പിനും ധാരാളം ബില്ലുകൾ പെന്റിംഗ് ആയി കിടക്കുകയാണ്. അതുകൊണ്ട് കരാറുകാർക്ക് കൊടുക്കാനുള്ള ഈ കുടിശ്ശിക എത്രയും വേഗം കൊടുത്തുതീർക്കുന്നതിനും നമ്മുടെ നിന്നുപോകുന്ന വികസന പ്രവർത്തനങ്ങൾ വളരെ വേഗത്തിലാക്കുന്നതിനും വേണ്ടി ബഹുമാനപ്പെട്ട മാണി സാർ അതിന് അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ശ്രീ. പി.കെ. ബഷീറിന് ഈ കാര്യങ്ങളെക്കുറിച്ച് നല്ല അവബോധമുള്ള ആളാണ്. ബഡ്ജറ്റിൽ വിഭാവന ചെയ്തതിനെക്കാൾ 395 കോടി രൂപയാണ് കൂടുതലായി ധനകാര്യവകുപ്പ് ആതറൈസ് ചെയ്തിരി ക്കുന്നത്. ദേശീയപാത വികസനത്തിന്റെ പ്രവൃത്തികൾ, നബാർഡ് സഹായ മുള്ള പ്രവൃത്തികൾ, കേന്ദ്ര സഹായമുള്ള പ്രവൃത്തികൾ, വിദേശ സഹായ

മുള്ള പ്രവൃത്തികൾ എന്നിവ ഒഴികെ പൊതുമരാമത്ത് ജലവിഭവ വകുപ്പിലെ പ്രവൃത്തികൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11.04.2001-ലേയും 18.10.2002-ലേയും സി.സി.സി. 803/2000-ലേയും അനുബന്ധ കേസ്സുകളുടെ യും ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സംസ്ഥാനതല മുൻഗണന അനുസരിച്ചാണ് കുടിശ്ശിക നൽകിവരുന്നത്. മുൻഗണനാക്രമം പാലിച്ച് തയ്യാറാക്കിയ ബില്ലുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ തയ്യാറാക്കി ഭരണ വകുപ്പിന് സമർപ്പിക്കുകയും ഭരണ വകുപ്പിൽ നിന്നും ശിപാർശയോടുകൂടി ധനകാര്യ വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമം പാലിച്ച് ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുകയുമാണ് ചെയ്തുവരുന്ന നടപടി. ഇപ്രകാരം മുൻഗണനാക്രമത്തിൽ കരാറുകാരുടെ കുടിശ്ശിക അനുവദിക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ ബഡ്ജറ്റ് വിഹിതം 696 കോടി രൂപയുടെ സ്ഥാനത്ത് 30.06.2013 വരെയുള്ള കുടിശ്ശിക തുക മുഴുവൻ വിതരണം ചെയ്യുന്നതിന് 985 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. അതാണ് ഞാൻ ആദ്യം പറഞ്ഞത് 395 കോടി രൂപ കൂടുതലായി ലെറ്റർ ഓഫ് ക്രെഡിറ്റിൽ നൽകിയിട്ടുണ്ട് എന്ന്. ഇത് ബഡ്ജറ്റ് വിഹിതത്തിന്റെ 142 ശതമാനമാണ്. നബാർഡ്-കേന്ദ്ര-വിദേശ സഹായ പദ്ധതികൾ എന്നിവ ഉൾപ്പെടെയുള്ള പദ്ധതികളുടെ ആകെ ബഡ്ജറ്റ് വിഹിതം 1470 കോടി രൂപയായിരുന്നു. ഇതിൽ 1477 കോടി രൂപയ്ക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളിൽ നിലവിൽ കുടിശ്ശികയൊന്നുമില്ല. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ബഡ്ജറ്റിൽ 603 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 287 കോടി രൂപയുടെ ലെറ്റർ

ഓഫ് ക്രെഡിറ്റ് ഇതിനോടകം നൽകി. ഇത് ബഡ്ജറ്റ് വിഹിതത്തിന്റെ 47 ശതമാനമാണ്. ജലവിഭവ പണികൾക്ക് ബഡ്ജറ്റിൽ 541 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 154 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. ഇത് ബഡ്ജറ്റ് വിഹിതത്തിന്റെ 28 ശതമാനമാണ്. നടപ്പുസാമ്പത്തിക വർഷം റവന്യൂ വരുമാനത്തിലും സംസ്ഥാന തനതു നികുതി വരുമാനത്തിലും കേന്ദ്രനികുതി വരുമാനത്തിലും ഗണ്യമായ കുറവുണ്ടായി. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് റോഡ് മേഖലയിൽ അധികമായി വിഹിതം വകയിരുത്തുവാൻ സാധിച്ചില്ല. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെട്ട് ബഡ്ജറ്റിലാവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് കരാറുകാരുടെ കുടിശ്ശിക പ്രസ്തുത വിഹിതത്തിനനുസൃതമായി കൊടുത്തുതീർക്കുന്നതാണ്.

**കഞ്ചാവും മയക്കുമരുന്നും കൈവശം വയ്ക്കുന്നതിനെതിരെ കേസ് എടുക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, കേരളത്തിൽ മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്നുവെന്ന വിഷയം ഇവിടെ പലതവണ ചർച്ച ചെയ്തതാണ്. മാത്രമല്ല, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് വളരെ വിശദമായൊരു മറുപടിയും നൽകുകയുണ്ടായി. കേരളത്തിൽ എത്രമാത്രം കഞ്ചാവ് വിതരണം നടക്കുന്നുണ്ടെന്നും അതിനെതിരെ എത്ര കേസെടുത്തു എന്നതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. വ്യാപകമായ കഞ്ചാവ് വിതരണവുമായി ബന്ധപ്പെട്ട് ഒരുപാട് വാർത്തകൾ മലയാള മനോരമ പോലുള്ള പത്രങ്ങളിൽ നിരന്തരമായി വന്നുകൊണ്ടിരിക്കുകയാണെന്ന് മാത്രമല്ല, ക്യാമ്പയിൻ

ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, കേന്ദ്രനിയമത്തെ അടിസ്ഥാനമാക്കിയാണ് ഇവർക്കെതിരായി കേസെടുക്കുന്നത്. ഇവിടത്തെ സ്കൂളുകളിലും കോളേജുകളിലും വ്യാപകമായി കഞ്ചാവ് വിതരണം നടക്കുന്നുവെന്നത് ഒരു സത്യമാണ്. എക്സൈസ്-പോലീസ് ഡിപ്പാർട്ടുമെന്റുകൾ അതിൽ കുറേ ആളുകളെ പിടിക്കുന്നുമുണ്ട്. പക്ഷേ, കഞ്ചാവ് കേസിൽ പിടിച്ച് പോലീസ് കസ്റ്റഡിയിൽ നിന്ന് പുറത്തുവിടുന്ന പലരും വീണ്ടും അതേ തൊഴിലിൽത്തന്നെ ഏർപ്പെടുകയാണ്. അതിന് പല കാരണങ്ങളാണുള്ളത്. മാത്രമല്ല, അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വന്നതിനുശേഷം ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചു എന്നൊരാക്ഷേപവും നിലനിൽക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ആക്സെസ് വർദ്ധിച്ചതുകൊണ്ടുള്ള പ്രശ്നമാണ്. അവിടെ മയക്കുമരുന്ന് മാഫിയവഴിയും ഭീകരവാദപ്രസ്ഥാനങ്ങൾ വഴിയും ലഭിക്കുന്ന മയക്കുമരുന്നുകൾ പല രൂപത്തിൽ ഇവിടേയ്ക്ക് വരുന്നുണ്ട്. ഇതൊക്കെ വിതരണം ചെയ്യുന്ന ഏജന്റുമാരായ ആളുകൾ വളരെ ചെറിയ ക്വാണ്ടിറ്റിയാണ് കൈവശം വയ്ക്കുന്നത്. നിയമപ്രകാരം 1 കി.ഗ്രാം വരെയുള്ളവയെ സ്മാൾ ക്വാണ്ടിറ്റിയെന്നും 20 കി.ഗ്രാം വരെയുള്ളവയെ കൊമേർഷ്യൽ ക്വാന്റിറ്റിയെന്നുമാണ് പറയുന്നത്. കൊമേർഷ്യൽ ക്വാണ്ടിറ്റിക്കും സ്മാൾ ക്വാണ്ടിറ്റിക്കും ഇടയിലുള്ള ക്വാണ്ടിറ്റി കൈവശം വയ്ക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നവർക്ക് പത്ത് വർഷം വരെ തടവുശിക്ഷ അനുഭവിക്കാനും അങ്ങനെയുള്ളവരെ പിടികൂടുകയാണെങ്കിൽ ജാമ്യമില്ലാത്ത വകുപ്പുപ്രകാരം ജയിലിലേയ്ക്ക് അയയ്ക്കുവാനും കഴിയും. പക്ഷേ, മിക്കവാറും കേസുകളിൽ 1000 ഗ്രാമിൽ താഴെ ക്വാണ്ടിറ്റി മാത്രമാണ് ഇവർ കൈവശം വയ്ക്കുന്നത്. ആയിരം

ഗ്രാമിൽ താഴെയായതുകൊണ്ട് അവർക്കുള്ള ശിക്ഷയെന്നുപറയുന്നത് ആറ് മാസത്തെ തടവുശിക്ഷയും പതിനായിരം രൂപ പിഴയും മാത്രമാണ്. കൂടാതെ, ഇവരെ കോടതിയിൽ ഹാജരാക്കിയാൽ ഉടൻതന്നെ ജാമ്യം ലഭിക്കുകയും ചെയ്യുന്നു. ഇവരെ കോടതിയിൽ ഹാജരാക്കാനും ജാമ്യത്തിൽ എടുക്കുവാനു മുള്ള വലിയ ലോബികൾ തന്നെ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കഞ്ചാവ് പിടി ച്ചുവെന്ന വാർത്ത വന്നാൽ തൊട്ടടുത്ത ദിവസംതന്നെ പ്രതികളായിട്ടുള്ളവർ പുറത്തിറങ്ങുകയും അവിടെ വന്ന് വീണ്ടും കഞ്ചാവ് കച്ചവടം നടത്തുകയും ചെയ്യുന്നു. മാത്രമല്ല, ഇതിനെതിരെ ശക്തമായ നിലപാടെടുക്കുന്ന യുവ ജനസംഘടനാ പ്രവർത്തകന്മാരെ ഭീഷണിപ്പെടുത്തുന്നതിനുപോലും ഇവർ മുതിരുന്നു. അതിനുകാരണം, ഇവർക്ക് ആറ് മാസത്തെ തടവുശിക്ഷയും പതി നായിരം രൂപ പിഴയും മാത്രമേയുള്ളൂ എന്നുള്ളതുകൊണ്ടാണ്. കോടതി അവരെ ഉടൻതന്നെ ജാമ്യത്തിൽ വിടുന്നതുകൊണ്ട് പല കേസുകളിലും ഇവർ ശിക്ഷിക്കപ്പെടാതെ പോവുകയാണ്. അതുകൊണ്ട് ഈ നിയമത്തിൽ ഭേദഗതി വരുത്തുവാനാവശ്യമായ അധികാരം സംസ്ഥാന ഗവൺമെന്റിന് ഉണ്ടോ; ഇല്ലയോ എന്നുള്ള കാര്യം നിയമസഭ ഗൗരവമായി കാണണം. കാരണം, സംസ്ഥാനത്ത് സ്മാൾ ക്വാണ്ടിറ്റി കഞ്ചാവ് കൈവശം വയ്ക്കുന്ന ധാരാളം ആളുകളുണ്ട്. അതുകൊണ്ട് ഈ നിയമത്തിൽ അടിയന്തരമായി ഭേദ ഗതി വരുത്തിയാൽ മാത്രമേ ഇത്തരം പ്രവണതകൾ നിയന്ത്രിക്കാൻ സാധി ക്കുകയുള്ളൂ. നേരത്തെ ഉണ്ടായിരുന്ന നിയമപ്രകാരം 1 കിലോഗ്രാം അല്ലെ ങ്കിൽ 500 ഗ്രാം കഞ്ചാവ് ചെറിയ ക്വാണ്ടിറ്റിയാണെങ്കിലും അത് കൈവശം വയ്ക്കുന്നവരെ ജാമ്യം കിട്ടാത്ത വകുപ്പ് പ്രകാരം ജയിലിലേയ്ക്ക് അയ യ്ക്കാൻ കഴിയുമായിരുന്നു. അത്തരമൊരു സ്ഥിതിവിശേഷം കേരളത്തിൽ

ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ ചൂണ്ടിക്കാണിച്ചത്. നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് –1985–ൽ പാസ്സാക്കിയ ഒരു കേന്ദ്ര നിയമമാണ്. 2001–ലെ പ്രസ്തുത നിയമപ്രകാരം കേന്ദ്ര സർക്കാർ കുറ്റകൃത്യങ്ങളെ മൂന്നായി തരംതിരിച്ചു. ഗൗരവമുള്ള കുറ്റങ്ങൾക്ക് കൂടുതൽ ശിക്ഷയും ചെറിയ കുറ്റങ്ങൾക്ക് കുറഞ്ഞ ശിക്ഷയും നിർണ്ണയിച്ച് നിയമത്തിൽ ഭേദഗതി വരുത്തുകയുണ്ടായി. കഞ്ചാവ് വിതരണത്തെ സംബന്ധിച്ചാണെങ്കിൽ ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുകയാണെങ്കിൽ സ്മാൾ ക്വാണ്ടിറ്റിയുടെ പരിധിയിൽപ്പെടുത്തുകയും ജാമ്യം ലഭിക്കുന്ന കുറ്റകൃത്യങ്ങളുടെ പട്ടികയിൽപ്പെടുത്തുകയും ചെയ്തു. ഇത്തരം കേസുകളിൽ പരമാവധി ശിക്ഷയെന്ന് പറയുന്നത് ആറ് മാസം വരെയുള്ള തടവുശിക്ഷയോ, പതിനായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോയെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എല്ലാ മയക്കുമരുന്നുകളെയും ഇത്തരത്തിൽ സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കൊമേർഷ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ തരംതിരിച്ചിരിക്കുകയാണ്. ചരസ്, ഹാഷിഷ് തുടങ്ങിയ മയക്കുമരുന്നുകളുടെ സ്മാൾ ക്വാണ്ടിറ്റി 100 ഗ്രാമായും ശരീരത്തിൽ ഇഞ്ചക്ഷനായി ഉപയോഗിക്കുന്ന ചില മയക്കുമരുന്നുകൾ ഒരുഗ്രാമായും നിജപ്പെടുത്തിയ അവസരത്തിലാണ് ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന മയക്കുമരുന്നായ കഞ്ചാവിന്റെ സ്മാൾ ക്വാണ്ടിറ്റി ഒരു കിലോഗ്രാമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. സംസ്ഥാ

നത്ത് കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഭൂരിഭാഗം കഞ്ചാവുകേസുകളിലും സ്മാൾ ക്വാണ്ടിറ്റിയിൽപ്പെടുകയും പ്രതികൾക്ക് ജാമ്യം കിട്ടുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന് സംസ്ഥാനത്തെ എക്സൈസ് വകുപ്പ് 2011–ൽ എടുത്ത ആകെ 335 കഞ്ചാവുകേസുകളിൽ 275 എണ്ണവും സ്മാൾ ക്വാണ്ടിറ്റിയിൽ ഉൾപ്പെട്ടവയായിരുന്നു. അതുപോലെതന്നെ 2012–ൽ 554 കേസുകൾ എടുത്തപ്പോൾ 433 എണ്ണവും 2013–ൽ 738 കേസുകൾ എടുത്തപ്പോൾ 596 എണ്ണവും സ്മാൾ ക്വാണ്ടിറ്റിയിൽ ഉൾപ്പെട്ടതാണ്. ഇത് കഞ്ചാവ് കേസിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് സഹായകരമാകുന്നുവെന്നത് ഒരു വസ്തുതയാണ്. എൻ.ഡി.പി.എസ്. ആക്ട് കേന്ദ്രനിയമമായതിനാൽ സംസ്ഥാനസർക്കാരിന് ഇതിൽ ഭേദഗതി വരുത്തുവാൻ സാധിക്കുകയില്ല. നിലവിലെ സാഹചര്യം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം ഉടൻ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. കഞ്ചാവിന്റെ സ്മാൾ ക്വാണ്ടിറ്റി പുനർനിർണ്ണയിച്ച് ഉത്തരവാകുന്നതിനാവശ്യമായ ശുപാർശ കേന്ദ്രസർക്കാരിന് ഉടൻ നൽകുന്നതാണ്. അതോടൊപ്പം തന്നെ ശ്രീ. വി. എസ്. സുനിൽ കുമാർ എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ എന്ത് നിയമം കൊണ്ടുവരാൻ സാധിക്കുമെന്നുള്ളതും ഗൗരവമായി പരിശോധിക്കുന്നതാണ്.

## നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്ത്യയിൽ എട്ട് കോടിയോളം വരുന്ന അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. ഇതിൽ ഏകദേശം പതിമൂന്ന് ലക്ഷം പേർ കേരളത്തിലേയ്ക്ക് വരുന്നുവെന്നാണ് സി.ഡി.എസ്–ന്റെ പഠനം പറയു

ന്നത്. പക്ഷേ ഉപജീവനത്തിനായി ഇവിടേയ്ക്ക് വരുന്ന ഇവർ കേരള സമ്പദ്ഘടനയ്ക്ക് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ വിദ്യാസമ്പന്നരായ കേരളീയർ അവരെ സമൂഹത്തിൽ നിന്നും ബഹിഷ്കരിക്കുകയും അവരോട് കടുത്ത വിവേചനം കാണിക്കുകയും ചെയ്യുന്നത് നമുക്കുതന്നെ തിരിച്ചടിയാകുന്നുവെന്നും ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന വസ്തുതതയും മറന്നുപോകരുത്. ഇതൊക്കെ കാരണം, ഇവരെ നിയന്ത്രിക്കണമെന്നും ഇവരുടെപേര് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യണമെന്നൊക്കെയാണ് പറയുന്നത്. ഇതുസംബന്ധിച്ച് ഒരു വർഷം മുമ്പ് വളരെ ദയനീയമായൊരു സംഭവമുണ്ടായി. തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾ അവധി ദിവസങ്ങളിൽ ഒത്തുചേരുന്നത് ഗാന്ധിപാർക്കിലാണ്. കള്ളന്മാർ ഒത്തുചേരുന്നൊരു സ്ഥലമാണെന്നുള്ള രീതിയിൽ അവിടെ വന്നവരെ പോലീസ് അടിച്ചോടിച്ചു. ഇതൊക്കെ മനോഭാവത്തിന്റെ പ്രശ്നമാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് ഇക്കാര്യത്തിൽ ഇവിടെ സമഗ്രമായൊരു നിയമം വേണമെന്ന ആവശ്യം ഉയർന്നുവന്നത്. 1979–ൽ ഉണ്ടാക്കിയ കേന്ദ്ര നിയമമാണ് ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്നത്. പക്ഷേ അത് ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നില്ല. അത് പരിശോധിക്കുന്നതിനുവേണ്ടി ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെന്റ ആക്ട് എന്നുള്ളതിൽ വർക്ക്മെൻ എന്നുള്ളത് വർക്കേഴ്സ് എന്നാക്കി മാറ്റണമെന്ന് പറഞ്ഞ് രാജ്യസഭയിൽ ഒരു ബിൽ കൊണ്ടുവന്നു. അതന്വേഷിച്ച രാജ്യസഭാ കമ്മിറ്റി ഈ ബിൽ സമഗ്രമായി പുതുക്കിയെഴുതണമെന്നും 1979–ൽ ഒറീസയിലും മറ്റും നിലനിന്ന സാഹചര്യത്തിലുണ്ടാക്കിയൊരു ബില്ലാണിതെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. എന്നാൽ അതിന്മേൽ യാതൊരുവിധ നടപടിയും ഇതുവരെയും ഉണ്ടായില്ല.

കേരളത്തിന് ഇക്കാര്യത്തിൽ ഒരു മാതൃക കാണിക്കാൻ സാധിക്കണം. പ്രസ്തുത നിയമത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ, നില വിലുള്ള നിയമത്തിൽ നിന്നും വ്യത്യസ്തമായി ചില കാര്യങ്ങൾ ഉൾപ്പെടു ത്തേണ്ടതുണ്ട്. ഇവിടത്തെ രജിസ്ട്രേഷൻ തൊഴിലാളികൾക്കായി മാറ്റേണ്ടതു ണ്ട്. ഇതാണ് ഏറ്റവും പ്രധാനപ്പെട്ട മാറ്റം. കുടിയേറ്റത്തൊഴിലാളികൾക്കുവേ ണ്ടിയുള്ള നിയമനിർമ്മാണത്തെക്കുറിച്ച് ആയതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി കേൾക്കുന്നത് നന്നായിരിക്കും. അവർക്കുവേണ്ടിയുള്ള നിയ മനിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ട മാറ്റം വരേണ്ടത് എംപ്ലോയേഴ്സ് എന്നുള്ള രജിസ്ട്രേഷൻ മാറ്റി വരുന്ന തൊഴിലാളികളെ മുഴുവൻ രജിസ്റ്റർ ചെയ്യുന്നൊരു രീതി വേണം. രണ്ടാമതായി, രജിസ്റ്റർ ചെയ്തില്ലെങ്കിൽ തൊഴി ലാളികളെ കുറ്റക്കാരാക്കുന്നതിനുപകരം തൊഴിൽദാതാക്കളെ കുറ്റക്കാരാ ക്കുന്ന രീതി നിലവിൽ വരണം. രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇൻസെന്റീവാണ് വേണ്ടത്, ഇതാണ് രണ്ടാമത്തെ പ്രധാനപ്പെട്ട മാറ്റം. റെഗുലേറ്ററി മെഷേഴ്സി നേക്കാൾ പ്രധാനം വെൽഫെയർ മെഷേഴ്സിനായിരിക്കണം. തൊഴിലാളിക ളുടെ അവകാശമായി കേന്ദ്ര നിയമത്തിൽ പറയുന്നത് കംപ്ലയിന്റ് കൊടുക്കാ നുള്ള അവകാശവും മിനിമം കൂലിക്കുള്ള അവകാശവുമാണ്. മിനിമം കൂലി യല്ല, തുല്യകൂലി, അവർക്ക് റേഷൻ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങി യവ ഇന്ത്യയിൽ നിലവിലുള്ള നിയമവ്യവസ്ഥപ്രകാരം നൽകുവാൻ സാധി ക്കുന്നതാണ്. ഇപ്പോൾ നിലവിലുള്ള ട്രേഡ് യൂണിയൻ ആക്റ്റ് ഉൾപ്പെടെ യുള്ള ആക്റ്റുകൾ ഇവർക്കുകൂടി ബാധകമാക്കി മാറ്റാൻ സാധിക്കും. ഒരു കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് കടുത്ത ആക്ഷേപമുണ്ട്. എന്തെ ന്നാൽ, ഒന്നര വർഷം മുമ്പ് തിരുവനന്തപുരം ലാ കോളേജിലെ കുട്ടികൾ ചേർന്ന് ഒരു മാതൃകാ നിയമമുണ്ടാക്കി, അതിനെക്കുറിച്ച് ചർച്ച നടന്നു. അത്

സംബന്ധിച്ച് ഒരു സ്വകാര്യ ബിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നുവെന്ന് പറഞ്ഞ് അങ്ങയെ സമീപിച്ചപ്പോൾ ഇതു സംബന്ധിച്ച് ഔദ്യോഗികമായൊരു ബിൽ കൊണ്ടുവരാമെന്ന് അങ്ങ് പറഞ്ഞതുകൊണ്ട് അത്തരമൊരു ശ്രമം ഉപേക്ഷിച്ചു. പക്ഷേ, ഇതുവരെ അങ്ങനെയൊരു ബിൽ കൊണ്ടുവന്നിട്ടില്ല. ഇതിനെക്കുറിച്ച് ഒരിക്കൽ ബഹുമാനപ്പെട്ട മന്ത്രി എന്നോടു പറഞ്ഞത്, ഭരണ-പ്രതിപക്ഷ കക്ഷികൾക്ക് ഇക്കാര്യത്തിൽ എതിർപ്പുണ്ടെന്നാണ്. പ്രതിപക്ഷാംഗങ്ങൾക്കുവേണ്ടി ഞാൻ ഏകകണ്ഠമായി പറയുകയാണ്, സി.പി.ഐ(എം) എന്നു പറഞ്ഞാൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആണ്. അല്ലാതെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് മലയാളീസ് അല്ല. അതുകൊണ്ട് ധൈര്യപൂർവ്വം ഇത്തരമൊരു നിയമം കൊണ്ടുവരാം. ഇവിടെ ഇത്രയേറെ അവകാശബോധവും രാഷ്ട്രീയ പാരമ്പര്യവുമൊക്കെയുള്ള കേരളത്തിൽ മറ്റുള്ള രാജ്യങ്ങളിലേതുപോലെ ജോലി ചെയ്യാൻ വരുന്നവർക്കെതിരെ വിവേചനം നടത്തുക, മനുഷ്യതുല്യരായി അവരെ കാണാതിരിക്കുക എന്ന നിലപാടിൽ മാറ്റം വരുത്തണം. കേരളത്തിൽ വരേണ്ട ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങളിലൊന്നാണിത്. അതുകൊണ്ട് ഈ നിയമസഭയിൽ ഇത്തരത്തിലുള്ള സമഗ്രനിയമം കൊണ്ടുവരാനായി ബഹുമാനപ്പെട്ട മന്ത്രിമാർ മുൻകയ്യെടുക്കമെന്നുള്ളതാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട തോമസ് ഐസക് ഇങ്ങനെയൊരു വിഷയം സബ്മിഷനായി ഉന്നയിച്ചതിലുള്ള നന്ദി ആദ്യം പ്രകടിപ്പിക്കുകയാണ്. ഇതൊരു ശ്രദ്ധ ക്ഷണിക്കലായിട്ട് കുറച്ചുകൂടി സമയമെടുത്ത് ചർച്ച ചെയ്യേണ്ട ഒരു വിഷയമായിരുന്നു. ഈ സമൂഹം നേരിടുന്ന പ്രശ്നത്തെക്കുറിച്ച് ഞാൻ മറുപടി പറയാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങളൊക്കെ അദ്ദേഹം

പരാമർശിച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാ ഭാരതീയരും നമ്മുടെ സഹോദരീ സഹോദരന്മാരാണ് എന്നൊക്കെ നമ്മൾ പറഞ്ഞുപഠിക്കുന്നുണ്ടെങ്കിലും മലയാളിയെ സംബന്ധിച്ചിടത്തോളം പൊതുവെ ഇവർ നമ്മുടെ സഹോദരങ്ങളാണ് അല്ലെങ്കിൽ രാജ്യത്തിലെ പൗരന്മാരാണ് എന്ന് അംഗീകരിക്കുന്ന ഒരു മനോഭാവമില്ല. അത് സാധാരണക്കാരുടെ ഇടയിൽ മാത്രമല്ല, നിർഭാഗ്യവശാൽ ഉത്തരവാദിത്വപ്പെട്ട എല്ലാ സ്ഥാനങ്ങളിലുമുള്ളവരും പൊളിറ്റിക്കൽ ലീഡർഷിപ്പ് അടക്കം അല്ലെങ്കിൽ ബാക്കി ഇതുമായി ബന്ധപ്പെട്ട ആരും ഈ വിഷയം ഗൗരവമായിട്ട് എടുക്കുന്നില്ല. ഇതിന്റെ പോസീറ്റീവ്സും നെഗറ്റീവ്സുമുണ്ട്. ഡോ. ടി.എം. തോമസ് ഐസക് ഇപ്പോൾ സൂചിപ്പിച്ചതുപോലെ ഈ വിഭാഗം തൊഴിലാളികളില്ലാതെ കേരളത്തിൽ ഒരിഞ്ച് മുന്നോട്ട് പോകാൻ സാധിക്കില്ല എന്നുള്ളതൊരു വസ്തുതയാണ്. എന്നാൽ മറുഭാഗത്താണ് ആരോഗ്യപ്രശ്നങ്ങളും സുരക്ഷാപ്രശ്നങ്ങളുമൊക്കെയുണ്ടാകുന്നത്. ഇവർ ക്യാരിയേഴ്സായി രോഗങ്ങൾ കൊണ്ടുവരുന്നുവെന്ന് മാത്രമല്ല, ഡീസന്റ് ഹൗസിംഗ് എന്ന് നിയമത്തിൽ അനുശാസിക്കുന്നുണ്ടെങ്കിലും ഇവരെല്ലാം താമസിക്കുന്ന സ്ഥലം പുതിയ സ്ലംസായി മാറുകയാണ്. ആ സ്ലംസിൽ നിന്ന് പൊട്ടിപ്പുറപ്പെടുന്ന രോഗങ്ങൾ കേരളത്തിനുതന്നെ വലിയൊരു ഭീഷണിയായിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ക്ഷേമ വെൽഫയർ സ്കീം എന്നുള്ള നിലയിൽ ഇതിനായി 10 കോടി രൂപ അനുവദിച്ചുവെങ്കിലും ആ 10 കോടി രൂപ ചെലവഴിക്കാൻ നമുക്ക് സാധിക്കുന്നില്ല, പല തടസ്സങ്ങളാണ്. അതിന് പ്രധാനപ്പെട്ടൊരു കാരണം റീച്ച് ഔട്ട് ചെയ്യാൻ ഉദ്യോഗസ്ഥർക്ക് ഭാഷ വശമില്ലാത്തൊരു പ്രശ്നമുണ്ട്. ഇത്രയും കാലം പരിശ്രമിച്ചിട്ട് ഏകദേശം നാൽപ്പതിനായിരത്തിൽ താഴെ ആൾക്കാരുടെ പേര് വിവരങ്ങൾ

മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. ഡോ. തോമസ് ഐസക് പറഞ്ഞതുപോലെ ഗാന്ധിപാർക്കിൽ വച്ച് ഇവരെ ലാത്തിച്ചാർജ്ജ് ചെയ്ത സംഭവം അല്ലെങ്കിൽ ഓടിച്ചുവിട്ട സംഭവം കേരളം എന്നും ലജ്ജിച്ച് തലതാഴ്ത്തേണ്ടതാണ്. ഗൾഫ് രാജ്യങ്ങളിൽ വെള്ളിയാഴ്ച ദിവസങ്ങളിൽ കേരളത്തിൽ നിന്നുള്ള മലയാളികൾ ഒത്തുകൂടുന്ന ഓരോ പാർക്കുകളുണ്ട്. അവരെ സംബന്ധിച്ചിടത്തോളമുള്ള ഏക ആശ്വാസം അതാണ്. അതിന് സമാനമായ നിലയിൽ കേരളത്തിൽ അവർ ഒത്തുകൂടിയപ്പോഴാണ് അവരെ ഓടിച്ചുവിടുന്ന ഒരു സാഹചര്യമുണ്ടായത്. ഞാൻ വ്യക്തിപരമായ ഒരു സംഭാഷണത്തിൽ ഡോ. തോമസ് ഐസക്കിനോട് ഇത്തരമൊരു നിയമനിർമ്മാണത്തിന് ആഗ്രഹമുണ്ടെങ്കിലും അതിന് ഭരണപ്രതിപക്ഷ കക്ഷികളിൽ നിന്നും അനുകൂലമായ ഒരു സാഹചര്യം ഉണ്ടാകുന്നില്ലെന്നും വ്യക്തിപരമായി ഇവർക്ക് ആനുകൂല്യം കൊടുത്ത് ഇവിടെത്തന്നെ താമസിപ്പിക്കുകയാണെങ്കിൽ ഇവർക്ക് ഇവിടെ താമസിക്കാനുള്ള ഒരു പ്രേരണയാകുമെന്നും അതുകൊണ്ട് ഇവരെ ആ രീതിയിൽ പ്രോത്സാഹിപ്പിക്കരുത് എന്നുള്ള ഒരു അഭിപ്രായം വളരെ ശക്തമായിട്ടുണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു. ഇതുസംബന്ധിച്ച് വിവാദമുന്നയിക്കുന്നവർ ഒരു കാര്യം ആലോചിക്കണം. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റഡിയിൽ പ്രധാനമായ ഒരു ഭീഷണിയായി അവർ ചൂണ്ടിക്കാണിച്ചത് ഇന്ന് പ്യുവർലി മൈഗ്രേറ്ററിയാണെങ്കിലും നാളെ അവർ കേരളത്തിൽ ഭൂമി വാങ്ങാൻ തുടങ്ങുമ്പോഴാണ് കോൺഫ്ളിക്റ്റ് തുടങ്ങാൻ പോകുന്നത്, അവർ കേരളത്തിൽ നിൽക്കാൻ പോകുന്നത്. ഇതിനെക്കുറിച്ച് ചർച്ച ചെയ്ത് ഇതിനൊരു നിയന്ത്രണം കൊണ്ടുവരണം അല്ലെങ്കിൽ ഇതിനൊരു നിയമം എങ്ങനെ കൊണ്ടുവരണമെന്ന് ആലോചിച്ചപ്പോൾ ഭരണഘടനയുടെ റീസണബിൾ റെസ്ട്രിക്ഷൻ ക്ലോസ് ഉപയോഗിക്കണമെന്നാണ് ചിലരൊക്കെ സൂചിപ്പി

ച്ചത്. അങ്ങനെ റീസണബിൾ റെസ്ട്രിക്ഷൻ ക്ലോസ് കൊണ്ടുവന്ന് കേരള ത്തിൽ ഭൂമി വാങ്ങിക്കാൻ അനുവദിക്കില്ലെന്ന് നമ്മൾ നിലപാടെടുത്താൽ നമ്മുടെ മലയാളികളായിട്ടുള്ളവർ മഹാരാഷ്ട്രയിലടക്കം ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലുള്ളവർക്കും വിക്റ്റിമൈസേഷൻ നേരിടേണ്ടിവരും. മാത്രമല്ല, ഡോ. തോമസ് ഐസക് പറയാത്ത ഒരു കാര്യമുണ്ട്, നമുക്ക് യാതൊരു രേഖ യുമില്ലാത്തതുകൊണ്ട് ബംഗ്ലാദേശികൾ പോലും ഇതിന്റെ മറവിൽ ഇവിടെ വന്ന് ജോലി ചെയ്യുന്നുണ്ടോ എന്ന സംശയം പലരും പ്രകടിപ്പിച്ചിട്ടുണ്ട്. അത് പ്രൂവ് ചെയ്യാൻ നമ്മുടെ പക്കൽ രേഖയില്ല. അതിന് സമഗ്രമായ ഒരു നിയമം ആവശ്യമാണ്. ഡോ. തോമസ് ഐസക്കിന്റെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു. ഡോ. തോമസ് ഐസക്കിന്റെ അടക്കം അഭിപ്രായം ആരാ ഞ്ഞുകൊണ്ട് നമുക്കൊരു സമന്വയമുണ്ടാക്കി ഇതിനൊരു നിയമം നടപ്പിലാ ക്കാൻ വേണ്ടി ഗവൺമെന്റ് പരിശ്രമിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നു. തീർച്ചയായും അതിനൊരു അഭിപ്രായഐക്യം ഉണ്ടാ കാൻവേണ്ടി ഡോ. തോമസ് ഐസക് കൂടി മുൻകയ്യെടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

## മിനിമം വേതനം ലഭ്യമാക്കൽ

ശ്രീ. സി. കൃഷ്ണൻ: സർ, ഇൻകം സപ്പോർട്ട് സ്കീം പ്രകാരം സർക്കാർ അനുവദിക്കുന്ന തുകയുടെ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പി ക്കുന്നത്. 2010–2011 വർഷത്തിൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ഒരു നൂതന പദ്ധതിയാണ് പൂരക വരുമാന പദ്ധതി. പരമ്പരാഗത വ്യവസായങ്ങ ളിലെ ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് അവരുടെ

വരുമാനം വർദ്ധിപ്പിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്. കയർ, ഖാദി, കൈത്തറി, ബീഡി, മത്സ്യം, ഈറ്റ - പനമ്പ്, ആർട്ടിസാൻസ് എന്നീ മേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ ഇനത്തിൽ സർക്കാർ അനുവദിക്കുന്ന തുക യഥാവസരം അർഹരായ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ഖാദി മേഖലയിൽ 2012-2013 വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ചില മേഖലകളിൽ ഭാഗികമായി മാത്രമേ വിതരണം നടന്നിട്ടുള്ളൂ. ഉദാഹരണത്തിന്, ബീഡി, കൈത്തറി മേഖല. ഇത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉന്നയിച്ച് ബീഡി തൊഴിലാളികൾ ഇന്ന് നിയമസഭാ കവാടത്തിൽ സത്യാഗ്രഹ സമരം നടത്തുകയാണ്. ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഓരോ മേഖലയ്ക്കും അനുവദിക്കുന്ന തുക കൃത്യമായും വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇതോടൊപ്പം വർഷാവസാനം ഒറ്റത്തവണ തുക അനുവദിക്കുന്നതിന് പകരം അതത് മാസം വേതനത്തോടൊപ്പം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. ഉൽപ്പാദനവും തൊഴിൽദിനങ്ങളും വർദ്ധിപ്പിക്കാൻ ഇത് സഹായകമാകും. ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇൻകം സപ്പോർട്ട് സ്കീം യഥാർത്ഥത്തിൽ കഴിഞ്ഞ ഗവൺമെന്റ് അവസാന വർഷം ആവിഷ്ക്കരിച്ച ഒരു സ്കീമാണെങ്കിലും അന്ന് അത് നടപ്പിലാക്കാൻ സാധിച്ചില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അത് നടപ്പിലാക്കുന്നതിലേയ്ക്ക് കടന്നത്. ഈ വർഷം 75 കോടി രൂപയാണ് ഈ ഇനത്തിൽ അനുവദിച്ചത്. അത് താഴെപ്പറയും പ്രകാരമാണ് പല

വകുപ്പുകൾക്കായി വീതിച്ചുകൊടുത്തത്. ഫിഷറീസ് – 30 കോടി രൂപ, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് – 18 കോടി രൂപ, കയർ വകുപ്പ് –25 കോടി രൂപ, ഈറ്റ, കാട്ടുവള്ളി, തഴ മുതലായവയ്ക്ക് – 1 കോടി രൂപ, ബീഡി ആന്റ് സിഗാർ – 1 കോടി രൂപ. തുകകൾ വീതിച്ചു കൊടുത്തതെങ്കിലും ലേബർ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ ഒരു നോഡൽ ഏജൻസി മാത്രമേയുള്ളൂ. അതാത് വകുപ്പുകൾക്ക് തുക കൊടുക്കുകയും അവർ ഇതിന്റെ ഡിസ്ട്രിബ്യൂഷൻ നടത്തുകയും ചെയ്യുന്നു. ഞങ്ങൾ പലതവണ ഇതിനെക്കുറിച്ച് ചർച്ച ചെയ്തെങ്കിലും അത് 100 ശതമാനവും ചെലവഴിച്ചെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ 2010–2011–ലെ തുകയുടെ ഒരു ഓവർഫ്ളോ പല വകുപ്പിലേയ്ക്കും വന്നിട്ടുണ്ട്. അവരുടെ കയ്യിൽ പണം ഉണ്ടായിരുന്നതുകൊണ്ട് അവർ ആവശ്യത്തിന് ചെലവഴിച്ചില്ല എന്നുള്ളത് സത്യമാണ്. ബീഡിയുടെ കാര്യം അദ്ദേഹം സൂചിപ്പിച്ചു. ബീഡി ക്ഷേമനിധി ബോർഡിൽ ആവശ്യത്തിന് ഫണ്ട് ഉണ്ടായിരുന്നുവെന്നുള്ളതുകൊണ്ട് കഴിഞ്ഞ വർഷം ഫണ്ട് അനുവദിച്ചില്ല. ഈ വർഷം 1 കോടി രൂപ അനുവദി ച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ ഏകദേശം 2,35,000 (രണ്ട് ലക്ഷത്തി മുപ്പത്തിയയ്യായിരം) പേരെയാണ് കണക്കാക്കുന്നതെങ്കിൽ അതിൽ 1,75,000 (ഒരു ലക്ഷത്തി എഴുപത്തയ്യായിരം) പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. കയർ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു ബാങ്ക് അക്കൗണ്ട് നിഷ്ക്കർഷിച്ചുകൊണ്ട്, ആ ബാങ്ക് അക്കൗണ്ട് തൊഴിലാളി കളുടെ ഭാഗത്തുനിന്നും ലഭ്യമല്ലെന്നുള്ള കാരണത്താൽ നമ്മൾ ഉദ്ദേശിച്ച എണ്ണത്തിന് നമ്പർ കൊടുക്കാൻ സാധിച്ചിട്ടില്ല. ഗണ്യമായ ഒരു തുക അവി

ടെയും ചെലവഴിച്ചിട്ടുണ്ട്. വീണ്ടും മന്ത്രിതലത്തിൽ ഇക്കാര്യം ചർച്ച ചെയ്ത് ഇത് കുറേക്കൂടി ഫലപ്രദമാക്കുന്നതെങ്ങനെ എന്നുള്ളത് ആലോചിക്കാം. എല്ലാവരുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ട് കുറേക്കൂടി ഇഫക്റ്റീവാ യി മിനിമം വേജസ് കൊടുക്കാൻ സാധിക്കാത്ത മേഖലകളിൽ അത് കറക്റ്റാ യി കൊടുക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്താൻ എല്ലാവരുമായും സഹകരിക്കാമെന്ന് അറിയിക്കുന്നു.

## വനിതാ ഹെൽപ്പ് സെൽ

ശ്രീ. ആർ. സെൽവരാജ്: സർ, വിവിധ ആവശ്യങ്ങൾക്കായി വിവിധ ഭാഗങ്ങളിൽ നിന്നും താലൂക്ക് കേന്ദ്രമെന്നുള്ള നിലയ്ക്ക് നെയ്യാറ്റിൻകരയി ലേയ്ക്ക് ധാരാളം ആളുകൾ എത്തിച്ചേരുന്നുണ്ട്. അവിടെ കെ.എസ്.ആർ.ടി. സി. ബസ് സ്റ്റേഷനും റെയിൽവേസ്റ്റേഷനും അടുത്ത് സ്ഥിതിചെയ്യുന്നതിനാൽ രാത്രികാലങ്ങളിൽ സ്ത്രീകളും കുട്ടികളുമടക്കം ധാരാളം യാത്രക്കാരും അല്ലാത്തവരുമായ ആളുകൾ എത്തിച്ചേരുന്നുണ്ട്. കഴിഞ്ഞ കുറെക്കാലത്തെ കണക്ക് പരിശോധിച്ചാൽ വനിതകൾക്കും കുട്ടികൾക്കെതിരെയുമുള്ള കുറ്റകൃ ത്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും. 2011–2012, 2012–2013 എന്നീ കാലഘട്ടങ്ങളിലായി മൂവായിരത്തിലധികം കേസുകളാണ് നെയ്യാറ്റിൻകര സബ് ഡിവിഷൻ പരിധിയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ ആയിരത്തോളം കേസുകളുടെ എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അസമയത്ത് അപകടങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടി കൾക്കും സുരക്ഷിതത്വം നൽകത്തക്ക ഒരു സംവിധാനവും നെയ്യാറ്റിൻകര കേന്ദ്രീകരിച്ച് ഇന്ന് ഇല്ല. വനിതകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷൻ കേന്ദ്രീകരിച്ച് ഒരു കൗൺസിലിംഗ് സെന്ററോടുകൂടിയ ഒരു വനിതാസെൽ ആരംഭിക്കണമെന്നു

ള്ളതാണ് എന്റെ സബ്മിഷൻ. ഇതിനായി കെട്ടിടവും മറ്റ് ഭൗതീക സൗകര്യങ്ങളും നിലവിലുള്ളതുമാണ്. നെയ്യാറ്റിൻകര കേന്ദ്രീകരിച്ച് വനിതാസെൽ ആരംഭിക്കുന്നതിനുള്ള അടിയന്തിരമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നെയ്യാറ്റിൻകര സബ്-ഡിവിഷനിൽ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 2011-ൽ 846 പരാതികൾ ലഭിക്കുകയും ആയതിലേക്ക് 275 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. 2012-ൽ പരാതിക്കാരുടെ എണ്ണം 773-ഉം കേസ്സുകളുടെ എണ്ണം 288-ഉം ആണ്. 2013-ൽ ഇവ യഥാക്രമം 1313, 347 എന്നിങ്ങനെയാണ്. നെയ്യാറ്റിൻകര പോലീസ് സബ്-ഡിവിഷനിൽ ആകെയുള്ള ഒൻപത് പോലീസ് സ്റ്റേഷനുകളിൽ, അടുത്ത കാലത്ത് ആരംഭിച്ച നരുവാമൂട് പോലീസ് സ്റ്റേഷനൊഴികെ മറ്റെല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തിച്ചുവരുന്നു. വനിതകളുടെ പരാതികൾ സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി പ്രത്യേക പരിശീലനം സിദ്ധിച്ച വനിതാ പോലീസുകാരെ ഈ ഡെസ്ക്കുകളിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട ജില്ലാ ജഡ്ജി ചെയർമാനായ ലീഗൽ സർവ്വീസസ് അതോറിറ്റിയിൽനിന്നും നിയമിക്കപ്പെട്ട പാരാലീഗൽ വോളന്റിയർമാരുടെ സഹായത്തോടെ വനിതാ കൗൺസിലിംഗും ഇതിനോട് അനുബന്ധിച്ച് നടന്നുവരുന്നു. സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ പരാതികളിലും കേസ്സുകളിലും ഈ വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. അതിലുപരിയായി ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ വാർഡുകൾതോറും സഞ്ചരിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും

പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി അത് പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുകയും ചെയ്യുന്നു. കൂടാതെ ജില്ലാ ആസ്ഥാനത്ത് വനിതാ സർക്കിൾ ഇൻസ്പെക്ടർമാരുടെ ചുമതലയിൽ ഒരു വനിതാ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. നെയ്യാറ്റിൻകര സബ്-ഡിവിഷൻ ഉൾപ്പെടെ തിരുവനന്തപുരം റൂറൽ ജില്ലയിലെ എല്ലാ സബ്-ഡിവിഷൻ പരിധിയിലുമുള്ള മുഴുവൻ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ സംബന്ധിച്ച് ഈ സെല്ലിൽ കൗൺസിലിംഗും പരിഹാരങ്ങളും ചെയ്തുവരുന്നു. ഓരോ ജില്ലയിലേയും ഒരു കേന്ദ്രത്തിൽ ഫാമിലി ക്രൈം പ്രിവൻഷൻ സെന്റർ രൂപീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൗൺസിലിംഗ് സെന്റർ, ഷോർട്ട് സ്റ്റേ, ഹോം സ്റ്റേ എന്നിവയുൾപ്പെടെ വിപുലമായ സജ്ജീകരണങ്ങളോടുകൂടിയ ഒരു വനിതാ ഹെൽപ്പ് സെൽ നെയ്യാറ്റിൻകര സബ്-ഡിവിഷന്റെ കീഴിൽ ആരംഭിക്കുന്നതിന് ജില്ലാ പോലീസ് മേധാവിയിൽനിന്നും വിശദമായ പ്രൊപ്പോസൽ വാങ്ങി അത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കാനുള്ള നടപടികൾ പോലീസ് ആസ്ഥാനത്ത് സ്വീകരിക്കുന്നതാണ്.

## പട്ടയം ലഭ്യമാക്കൽ

ശ്രീ. പി. റ്റി. എ. റഹീം: സർ, കോഴിക്കോട് താലൂക്കിലെ ചാത്തമംഗലം ഈഗിൾ പ്ലാന്റേഷൻ കോളനിയിൽ മൊത്തം 17.66 ഏക്കൽ മിച്ചഭൂമിയാണ് ഉണ്ടായിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി 20-01-2014-ൽ നിയമസഭയ്ക്ക് നൽകിയ മറുപടിയിൽ ഇത് 313 പേർക്ക് പതിച്ച് നൽകിയതായും ഇതിൽ 214 പേർ കരമടച്ച് കൈവശം വയ്ക്കുന്നതായും പറയുന്നുണ്ട്. എന്നാൽ 10 പേർ മാത്രമാണ് സ്ഥിരമായി വീടിന് നമ്പരിട്ടവരുള്ളൂ എന്നാണ് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി 21-01-2014-ൽ നൽകിയ മറുപടിയിൽ

പറഞ്ഞിരിക്കുന്നത്. അവിടെ താസമിക്കുന്ന 204 താമസക്കാർ യഥാർത്ഥത്തിൽ സീറോ ലാന്റ് ഭൂമിക്ക് അർഹരാണെങ്കിൽ അവരുടെ അപേക്ഷ വാങ്ങി പഴയ പട്ടയങ്ങൾ റദ്ദ് ചെയ്ത് കൈവശക്കാർക്ക് പട്ടയം നൽകണം. എന്നാൽ മാത്രമേ ഇവർക്ക് വീട് വയ്ക്കുന്നത് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. 214 പേരിൽ 10 പേർ മാത്രമാണ് അവിടെ താമസിക്കുന്നതെങ്കിൽ, സീറോ ലാന്റ് പദ്ധതിയിൽ ചിലർക്ക് ഭൂമി നൽകിയതിനെത്തുടർന്ന് അവിടെ സർവ്വേ നടത്തിയത് എതിർപ്പുമൂലം തടസ്സപ്പെട്ട് കിടക്കുകയാണ്. 17.66 ഏക്കർ ഭൂമി 214 പേർക്ക് പതിച്ചുനൽകി യെങ്കിൽ എങ്ങനെയാണ് സീറോ ലാന്റ് ഭൂമിയിൽ അവിടെ നൽകാൻ ഭൂമിയുണ്ടാകുകയെന്നുകൂടി പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഒരു പ്രതിനിധിയും റവന്യൂ ഉദ്യോഗസ്ഥൻമാരുമുള്ള ഒരു കമ്മിറ്റിയിൽ യഥാർത്ഥ വസ്തുത എന്താണെന്ന് പരിശോധിച്ച് ഇപ്പോൾ രേഖയില്ലാതെ താമസിക്കുന്നവർ സീറോ ലാന്റ് ഭൂമിക്ക് അർഹരാണെങ്കിൽ അവരുടെ അപേക്ഷ വാങ്ങി ഈ ഭൂമി അവർക്ക് പതിച്ച് കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കോഴിക്കോട് താലൂക്കിലെ ചാത്തമംഗലം വില്ലേജിൽ, ഈഗിൾ പ്ലാന്റേഷൻ കോളനിയിൽ 17.66 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തതിൽ 1987, 1992 കാലയളവിൽ 17.22 ഏക്കർ ഭൂമി 297 പേർക്കായി പതിച്ചുനൽകി. 2013-ൽ ബാക്കി 54 സെന്റ് സ്ഥലം 16 പേർക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി പതിച്ചുനൽകി. ഭൂരഹിതരില്ലാത്ത കേരളം

പദ്ധതിയിൽ 16–12–2013–ൽ ഒന്നാംഘട്ടത്തിൽ പട്ടയം വിതരണം ചെയ്ത ഗുണഭോക്താക്കൾക്ക് സ്ഥലം ഏൽപ്പിക്കുന്ന നടപടിയെ കോളനിയിൽ നിലവിൽ താമസിക്കുന്നവർ തടസ്സപ്പെടുത്തി. ഈഗിൾ പ്ലാന്റേഷൻ കോളനിയിൽ താമസിക്കുന്നവരുടെ കൈവശരേഖ സംബന്ധിച്ച് പ്രശ്നം പരിഹരിക്കുന്നതിനായി മുമ്പ് പട്ടയം റദ്ദാക്കപ്പെട്ട 99 പേരെ വിചാരണ നടത്തിയതിൽ 67 പേർ ഭൂമിയില്ലാത്തവരാണെന്ന് കണ്ടെത്തുകയും ഇവർക്ക് ഭൂമി പതിച്ച് കൊടുക്കുവാൻ പുതിയ വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ബാക്കി ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി അർഹരായവർക്ക് വിതരണം ചെയ്യണമെന്ന ആവശ്യം സർക്കാർ പരിശാധിച്ചുവരികയാണ്.

## വില്ലേജ് വിഭജനത്തിലെ അപാകത

ശ്രീ. ജോസഫ് വാഴക്കൻ: സർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മണ്ഡലത്തിലെ മഞ്ഞള്ളൂർ, കടവൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട വീടുകൾ ഇടുക്കി ജില്ലയിലെ വില്ലേജുകളിലുൾപ്പെട്ട് കിടക്കുന്നത് തിരികെ എറണാകുളം ജില്ലയിലേക്ക് മാറ്റുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മണ്ഡലത്തിൽ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിലുൾപ്പെടുന്ന നൂറോളം വീടുകൾ ഇടുക്കി ജില്ലയിലെ കുമാരമംഗലം വില്ലേജിലാണ് ഇപ്പോഴുള്ളത്. ഈ വീടുകൾ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിലാണ് ഉൾപ്പെടേണ്ടത്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 28 വീടുകളിൽ 22 വീടുകൾ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്ക്

കോടിക്കുളം വില്ലേജിലും അഞ്ച് വീടുകൾ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കുമാരമംഗലം വില്ലേജിലും ഒരു വീട് കല്ലൂർക്കാട് വില്ലേജിലുമാണ് നിലവിൽ രേഖകളിലുള്ളത്. ഈ വീടുകൾ 28 എണ്ണവും എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിലാണ് ഉൾപ്പെടേണ്ടത്. ഈ രണ്ട് കേസ്സുകളിലും ഇവരുടെ ജില്ല എറണാകുളമാണ്. നിയോജകമണ്ഡലവും വോട്ടവകാശവും മൂവാറ്റുപുഴയിലുമാണ്. പഞ്ചായത്ത് എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ, പൈങ്ങോട്ടൂർ എന്നിവയുമാണ്. വില്ലേജ് തിരിച്ചപ്പോഴുണ്ടായ ഈ അപാകത ഈ വീട്ടുകാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നിയോജക മണ്ഡലത്തിലേയും ത്രിതല പഞ്ചായത്തിലേയും പല പദ്ധതികളിലും ഇവരെ ഉൾപ്പെടുത്താൻ കഴിയാതെ വരികയും പല സർട്ടിഫിക്കറ്റുകളും ലഭിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യമുണ്ട്. ഈ അപാകത പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ കഴിഞ്ഞ വർഷവും ഈ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതാണ്. നടപടിക്രമങ്ങൾ ഇങ്ങനെ നടക്കുകയാണ്. അതുകൊണ്ട് സമയബന്ധിതമായി ഇക്കാര്യത്തി ലൊരു തീരുമാനമുണ്ടാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിൽ ഉൾപ്പെടുന്ന നൂറോളം വീടുകൾ ഇടുക്കി ജില്ലയിലെ കുമാരമംഗലം വില്ലേജിലാണ് നിലവിൽ ഉൾപ്പെട്ടിട്ടുള്ളത്. മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽപ്പെടുന്ന ഉദ്ദേശം 80 കുടുംബക്കാർ താമസിക്കുന്ന പ്രദേശം തൊടുപുഴ താലൂക്കിലെ കുമാരപുരം

വില്ലേജിൽ റീ–സർവ്വേ ബ്ലോക്ക് 55, സർവ്വേ നമ്പർ 1 മുതൽ 9 വരെയുള്ള സ്ഥലത്താണ്. മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിൽപ്പെടുന്ന സ്ഥലങ്ങൾ മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ സാമീപ്യമുള്ളതിനാലും മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെടുന്നതിനാലും മേൽപ്പടി പ്രദേശത്തെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജിനോട് ചേർക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നുണ്ട്. എറണാകുളം ജില്ലയുടെ പരിധിയിലുള്ള കാളിയാർ പുഴയോരത്ത് സ്ഥിതി ചെയ്യുന്ന പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിൽപ്പെട്ട 28 കുടുംബങ്ങളുടെ നിയോജക മണ്ഡലം എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയാണ്. ഇതിൽ 27 കുടുംബങ്ങളുടെ ഭൂമി സംബന്ധമായ റെക്കോർഡുകൾ ഇടുക്കി ജില്ലയിലുമാണ്. ആയതിനാൽ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടിക്കുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട 27 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്താവുന്നതാണ്. കാളിയാർ പുഴയുടെ പടിഞ്ഞാറേ അതിർത്തിയിലുള്ള കടവൂർ വില്ലേജിനോട് ചേർന്നുവരുന്ന ഭാഗം മുഴുവൻ സർവ്വേ ചെയ്ത് പുതുക്കിയ റെക്കോർഡുകൾ തയ്യാറാക്കിവരുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ ആവശ്യപ്പെട്ടതനുസരിച്ച്, ആറു മാസത്തിനകംതന്നെ ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്ന് ഇടുക്കി, എറണാകുളം കളക്ടർമാർക്ക് പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്.

## <u>'കാവിൽ'–ന്റെ പ്രവർത്തനം വ്യാപിപ്പിക്കൽ</u>

ശ്രീ. എ. റ്റി. ജോർജ്: സർ, നമ്മുടെ സംസ്ഥാനത്ത് മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ അലങ്കാര മത്സ്യക്കൃഷി പ്രോത്സാഹിക്കപ്പെടുന്നതിനു വേണ്ടി രൂപം നൽകിയ ഒരു ഏജൻസിയാണ് 'കാവിൽ' ഏജൻസി. 'കാവിൽ' ഏജൻസിയുടെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ മുതൽ കുടുംബശ്രീ പ്രവർത്തകർവരെ പങ്കെടുത്ത് അലങ്കാര മത്സ്യക്കൃഷി പ്രോത്സാഹിക്കാനും അതിലൂടെ നമ്മുടെ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതിലേറെ വിദേശനാണ്യം നേടിത്തരുവാനും സാധിക്കുന്നതാണ്. എന്നാൽ ഇപ്പോൾ കാവിൽ ഏജൻസിയുടെ പ്രവർത്തനമാകെ താറുമാറായിരിക്കുന്നു. 51 ശതമാനം പ്രൈവറ്റ് ഏജൻസിക്കും 49 ശതമാനം സർക്കാർ ഷെയറുമായാണ് ഇതിന്റെ പ്രവർത്തനമാരംഭിച്ചതെങ്കിലും ഇന്ന് കെടുകാര്യസ്ഥതമൂലം പദ്ധതികളാകെ അവതാളത്തിലായിരിക്കുന്നു. ഞാൻ മത്സ്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. അദ്ദേഹം ഇപ്പോൾ ആ ഏജൻസിയുടെ പ്രവർത്തനത്തിൽ കാര്യമായ മാറ്റമുണ്ടാക്കുകയും 57 ശതമാനം സർക്കാർ ഷെയറും 43 ശതമാനം പ്രൈവറ്റ് ഷെയറുമായി ഇതിനെ ശക്തിപ്പെടുത്തുവാൻ പുന:സംഘടന നടത്തിയിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ നെയ്യാർ ഡാം പരിസരത്ത് സർക്കാർ 'ഫെർമ' എന്ന ഏജൻസിക്ക് പാട്ടത്തിന് നൽകിയ 16 ഏക്കർ സ്ഥലം 'കാവിൽ' ഏജൻസിക്ക് കൈമാറുകയും അവിടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അവിടെ ആരംഭിച്ച സാറ്റലൈറ്റ് സെന്ററുകളിൽ അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും അവ കുടുംബശ്രീ പ്രവർത്തകർക്കും അതുപോലെത്തന്നെ ചുറ്റുപാടുമുള്ള

ഏജൻസികൾക്കും നൽകി ആ കുഞ്ഞുങ്ങളെ വളർത്തിയെടുത്ത് തിരിച്ച് ആ ഏജൻസി വിലയ്ക്കെടുത്ത് വിദേശത്തേക്ക് കയറ്റി അയയ്ക്കുകയും ചെയ്യുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വളരെയേറെ വിദേശനാണ്യം നേടിത്തരുവാനും കഴിയും. ആ പ്രവൃത്തി ശക്തിപ്പെടുത്തിയെടുത്താൽ നമുക്ക് വിദേശനാണ്യം കിട്ടുമെന്ന് മാത്രമല്ല, അതുകൊണ്ട് സ്വദേശികൾക്ക് ധാരാളം തൊഴിലവസരങ്ങളുണ്ടാകുകയും ചെയ്യും. പക്ഷേ ഇന്ന് മത്സ്യഫെഡിന്റെ കീഴിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഫുൾ ടൈം എം.ഡി. ഇല്ല. എം.ഡി.-യുടെ അഭാവംമൂലം ഈ പ്രവർത്തനങ്ങളും താറുമാറാകുന്നു. അതിനാൽ ഒരു ഫുൾ ടൈം എം.ഡി.-യെ നിയമിക്കുകയും 'കാവിൽ' ഏജൻസിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ട നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അപേക്ഷിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, കേരളത്തിലെ അലങ്കാര മത്സ്യ ഉല്പാദന വിപണന മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2007-ൽ രൂപീകരിച്ച കമ്പനിയാണ് കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്. അത് 'കാവിൽ' എന്ന ചുരുക്കപ്പേരിലാണ് അറിയപ്പെടുന്നത്. 51 ശതമാനം സ്വകാര്യ പങ്കാളിത്തത്തോടെയും 35.49 ശതമാനം സർക്കാർ പങ്കാളിത്തത്തോടെയും ബാക്കി മത്സ്യഫെഡ്, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയുമാണ് കാവിൽ രൂപികരിച്ചത്. കമ്പനിയുടെ കീഴിൽ സ്ഥാപിക്കാനുദ്ദേശിച്ച രണ്ട് സാറ്റലൈറ്റ് ഫാമുകളിൽ ഗുണമേന്മയുള്ള അലങ്കാര മത്സ്യവിത്ത് ഉല്പാദിപ്പിച്ച് കമ്പനിയുടെ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കുന്ന ഹോംസ്റ്റെഡ് യൂണിറ്റുകൾക്ക് നൽകുവാനും പ്രസ്തുത യൂണിറ്റുകളിൽ

വളർത്തിയെടുക്കുന്ന അലങ്കാര മത്സ്യങ്ങളെ കയറ്റുമതി ചെയ്യുകയുമാണ് കമ്പനിയുടെ സ്ഥാപിത ലക്ഷ്യം. എന്നാൽ സാമ്പത്തിക അച്ചടക്കമില്ലായ്മ, മറ്റ് സാങ്കേതിക കാരണങ്ങൾ എന്നിവ നിമിത്തം കാവിലിന് ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാവിലിനെ പുനരുദ്ധരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ ചെയർമാനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. കേന്ദ്ര സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും സഹായം ലഭിക്കുന്നതിന് കാവിലിനെ പൊതുമേഖലാ കമ്പനിയാക്കണമെന്ന് ആ കമ്മിറ്റി ശുപാർശ ചെയ്തു. ആ ശുപാർശ അംഗീകരിച്ചുകൊണ്ട് കാവിലിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്. കാവിലിനെ ഒരു സർക്കാർ കമ്പനിയാക്കി മാറ്റാൻ തീരുമാനിക്കുകയും സർക്കാർ മൂലധനപങ്കാളിത്തം 57 ശതമാനമായി മാറ്റുകയും ചെയ്തു. കാവിലിന്റെ പുനരുദ്ധാരണത്തിനായി ഒരുകോടി രൂപ കേരള കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും പലിശരഹിത വായ്പയായി അനുവദിച്ചു. കേന്ദ്ര സർക്കാരിനും മറ്റ് സ്ഥാപനങ്ങൾക്കും 37 കോടി രൂപയുടെ വിവിധ പദ്ധതികൾ ഇതിനകം തന്നെ സമർപ്പിച്ചിട്ടുണ്ട്. 15 ഏക്കർ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന നെയ്യാർഡാം അലങ്കാര മത്സ്യ ഹാച്ചറി പ്രവർത്തനക്ഷമമാക്കുന്നതിന് 6.60 കോടി രൂപയുടെ പദ്ധതിക്ക് ആർ.കെ.വി.വൈ.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 14 ജില്ലകളിൽ അലങ്കാര മത്സ്യ കൃഷി പരിശീലനത്തിന് 26.55 ലക്ഷം രൂപ കേരള സർക്കാർ ഇതിനകം തന്നെ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ പരിശീലനം

പൂർത്തിയായി. മറ്റ് ജില്ലകളിൽ 2014 ഫെബ്രുവരി മാസത്തിൽ പരിശീലനം സംഘടിപ്പിക്കുന്നതാണ്. ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്കിൽ അലങ്കാര മത്സ്യ ഹോംസ്റ്റെഡ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ഈ കമ്പനിക്കായി 4.50 കോടി രൂപ കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എഫ്.ഡി.ബി.-യിൽനിന്നും ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ സാറ്റലൈറ്റ് ഫാമിന്റെ പുനരുദ്ധാരണ ത്തിനായി 7.65 കോടി രൂപയുടെ പദ്ധതി ആർ.കെ.വി.വൈ.-യുടെ പരിഗണന യിലാണ്. ശ്രീ. എ. റ്റി. ജോർജ്, എം.എൽ.എ.-യുടെ നിയോജക മണ്ഡല ത്തിൽ ഉൾപ്പെടുന്ന നെയ്യാർഡാം ഫാം പുനരുദ്ധരിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## പുലിമുട്ട് സ്ഥാപിക്കൽ

ശ്രീ. എസ്. ശർമ്മ : സർ,. പൂർണ്ണമായും അറബിക്കടലിന്റെ ഓരം ചേർന്നുകിടക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തു കളിലെ വിവിധ ഭാഗങ്ങൾ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളാണ്. തൊഴിൽപരമായ കാരണങ്ങളാൽ കടലോരം ചേർന്ന് ജീവിതം കഴിക്കുവാൻ വിധിക്കപ്പെട്ട തീർദേശവാസികൾക്ക് വർഷകാലം പോലെ തന്നെ ഭയാനകമാണ് വേനൽക്കാലവും. കാലാവസ്ഥാ വ്യതിയാനം പോലുള്ള വ്യത്യസ്തമായ കാരണങ്ങളാൽ കാലഭേദമില്ലാതെ കടൽ കരയിലേക്ക് കയറിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം രാപ്പകൽ വ്യത്യാസമില്ലാതെ വീടിന കത്തും പുറത്തും കടൽവെള്ളം വന്ന് നിറയുന്ന സാഹചര്യമാണുള്ളത്. ഏക തീരദേശ റോഡാണെങ്കിൽ മണ്ണുവന്ന് മൂടുന്നതുമൂലം ഗതാഗതത്തിന് അനു

യോജ്യവുമല്ല. ഇത്തരത്തിൽ ദുസ്സഹമായ ഒരു ജീവിത സാഹചര്യമാണ് ഈ പ്രദേശത്ത് നിലവിലുള്ളത്. ഈ വിഷയം പഠിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെന്നൈ ഐ.ഐ.ടി.-യിലെ വിദഗ്ദ്ധരെ ചുമതല പ്പെടുത്തുകയുണ്ടായി. പള്ളിപ്പുറം മുതൽ എളങ്കുന്നപ്പുഴ വരെയുള്ള തീരപ്ര ദേശത്ത് അമ്പത്തിയേഴോളം വരുന്ന ചെറിയ പുലിമുട്ടുകൾ സ്ഥാപിക്കുക യാണ് പ്രശ്ന പരിഹാരത്തിനുള്ള ശാശ്വതമായ പോംവഴി. ഇതിനായുള്ള ഡിസൈനുകൾ സർക്കാർ നിർദ്ദേശാനുസരണം ചെന്നൈ ഐ.ഐ.ടി.-യിലെ വിദഗ്ദ്ധർ സമർപ്പിക്കുകയും ചെയ്തു. എടവനക്കാട്, നായരമ്പലം പഞ്ചായത്തുകളിലായി പന്ത്രണ്ടോളം പുലിമുട്ടുകൾ മുമ്പ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ നിരവധി തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇനിയും പൂർത്തീകരിക്കേണ്ട പുലിമുട്ടുകളുടെ നിർമ്മാണത്തിന് സർക്കാർ ശ്രദ്ധ ചെലുത്തിയിട്ടില്ല. രണ്ടുപ്രാവശ്യം ഞാൻ നേരിട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെയും നിരവധി പ്രാവശ്യം അദ്ദേഹത്തിന്റെ ഓഫീസിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും ഉദ്യോഗസ്ഥരുമായി സംസാരിക്കുകയും ചെയ്തിരുന്നു. മൂന്ന് ബഡ്ജറ്റുകൾക്ക് മുമ്പായി നൽകിയ പ്രൊപ്പോസലുകൾ തുടർച്ചയായി അവഗണിക്കപ്പെടുകയാണ് ചെയ്തത്. നബാർഡ് സ്കീം, കേന്ദ്ര സഹായം എന്നിവ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അവഗണിക്കപ്പെട്ടു. സുനാമി ദുരന്തം വന്നപ്പോൾ അഞ്ചുപേരുടെ ജീവിതം നഷ്ടപ്പെട്ട ഒരു പ്രദേശമാണ് വൈപ്പിൻകരയിലെ എടവനക്കാട്. അവിടത്തെ ജനങ്ങൾ നിസ്സഹായരായി അവഗണിക്കപ്പെട്ടു കിടക്കുകയാണെന്ന് ഓർക്കണം. ഒരു ദുരന്തം ഉണ്ടായതിനുശേഷം സഹായവുമായെത്തുന്നതിനു പകരം മുൻകൂട്ടിതന്നെ സുരക്ഷ ഉറപ്പാക്കേണ്ടത് ഒരു ജനാധിപത്യ സർക്കാരിന്റെ കടമയാണ്. വരാനിരിക്കുന്ന

വർഷകാലത്തെ ആശങ്കയോടും ഭീതിയോടും കൂടിയാണ് ഇവിടത്തെ തീരദേശവാസികൾ നോക്കികാണുന്നത്. ഏഷ്യയിലെതന്നെ ജനസാന്ദ്രത യേറിയ വൈപ്പിൻ മണ്ഡലത്തിലെ പൊതുസമൂഹത്തിന്റെ ആശങ്കയ്ക്ക് അറുതിവരുത്തുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ ജീവിക്കുന്നതിനുള്ള അവകാശം സംരക്ഷിക്കുന്നതിനും ഉറപ്പുവരുത്തുന്ന തിനുമായി പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിൽ ചെന്നൈ ഐ.ഐ.ടി.–യിലെ വിദഗ്ദ്ധർ വിഭാവന ചെയ്ത പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടലോര മേഖലയെ കടലാക്രമണ ഭീതിയിൽ നിന്നും സംരക്ഷിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി. പഠനം നടത്തിയിട്ടുണ്ട്. ഈ പ്രദേശത്ത് മുപ്പത് പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 45 കോടി രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും ഭരണാനുമതി ലഭിക്കുന്ന തിനുമുള്ള ശ്രമം നടത്തിവരികയാണ്. ബഡ്ജറ്റിൽ ഇതിന് കാര്യമായ തുക വകയിരുത്തിയിട്ടില്ല. നബാർഡ് സഹായത്തിനുവേണ്ടിയുള്ള ശ്രമം തുടരുന്നു.

## കനാൽ നവീകരണവും പാലം നിർമ്മാണവും

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇരിങ്ങാലക്കുട മണ്ഡലത്തിലെ പടിയൂർ, പൂമംഗലം, ഇരങ്ങാലക്കുട മുനിസിപ്പാലിറ്റി എന്നീ ഭാഗങ്ങളിലൂടെ കടന്നുവരുന്ന ഷൺമുഖം കനാൽ കനോലി കനാലിന്റെ ഫീഡർ കനാലാണ്.

ആറ് കിലോമീറ്റർ നീളത്തിൽ കിടക്കുന്ന ഷൺമുഖം കനാൽ 1936–1940 കാലഘട്ടത്തിൽ കൊച്ചി ദിവാനായിരുന്ന ഷൺമുഖം ചെട്ടിയാർ നിർമ്മിച്ചിട്ടുള്ളതാണ്. വാണിജ്യാവശ്യങ്ങൾക്കുവേണ്ടിയും വ്യാപാരാവശ്യങ്ങൾക്കുവേണ്ടിയും കാർഷികാവശ്യങ്ങൾക്കുവേണ്ടിയും ഈ കനാൽ നിർബാധം ഉപയോഗിച്ചു കൊണ്ടിരുന്നതാണ്. പിന്നീട് കാലം മുന്നോട്ടുപോയപ്പോൾ, റോഡിലൂടെയുള്ള ഗതാഗത സൗകര്യം മെച്ചപ്പെട്ട സന്ദർഭത്തിൽ, ഈ കനാലിന്റെ ആവശ്യകത കുറഞ്ഞുവരികയും തുടർന്ന് ഈ കനാൽ ഉപയോഗിക്കാത്ത സാഹചര്യം വരുകയും അതിന്റെ വീതി കുറയുകയും ആഴം കുറയുകയും ചെയ്തു. പായലുകൾ നിറയുന്നതിന്റെയും അവശിഷ്ട വസ്തുക്കൾ നിക്ഷേപിക്കപ്പെടുന്നതിന്റെയും ഫലമായി രോഗാണുക്കൾ പകർത്തുന്ന ഒരു കനാലായി ഇത് മാറിയിരിക്കുകയാണ്. ഈയൊരവസ്ഥ മനസ്സിലാക്കി ഈ കനാലിന്റെ നവീകരണം വേണമെന്ന അവശ്യം ശക്തമായി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതാനും നാളുകൾക്കുമുമ്പ് ഈ കനാലിന്റെ ആദ്യഘട്ട നവീകരണം നടത്തുകയുണ്ടായി. എന്നാൽ രണ്ടാംഘട്ട നവീകരണം നടത്തണമെന്ന ആവശ്യം ഞാൻ കുറേ നാളുകളായി ഉന്നയിച്ചുവരികയാണ്. ഈ കനാൽ അടിയന്തരമായി നവീകരിച്ചില്ലെങ്കിൽ വലിയ തോതിൽ രോഗാണുക്കൾ പകരുകയും ഈ കനാലിന്റെ ഉപയോഗം നടക്കാത്ത സാഹചര്യം വരികയും ചെയ്യും. ഇപ്പോൾ കാലം മാറി. ഇപ്പോൾ വീണ്ടും ഗതാഗതം ഈ കനാലിലൂടെ നടത്തണമെന്ന ആവശ്യം വളർന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ ഈ കനാലിന്റെ നവീകരണം അടിയന്തരമായി നടത്തണം. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ ഈ കനാലിന് കുറുകെ ഒരു പാലമുണ്ട്. ആ പാലം ബലഹീനമാണ്. ആ പാലം പുന:നിർമ്മിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിച്ചിരുന്നു. അതിന് 2012 ജൂണിൽ ഭരണാനുമതി കിട്ടിയിരുന്നതാണ്.

എന്നാൽ ഡിസൈനിംഗിനും മറ്റും തുക ഇരട്ടിയായപ്പോൾ പണം ലഭിക്കാത്ത സാഹചര്യമാണ് വന്നുചേർന്നിട്ടുള്ളത്. അതുകൊണ്ട് ഷൺമുഖം കനാലിന്റെ നവീകരണത്തിനും ഷൺമുഖം കനാലിന്റെ കുറുകെയുള്ള പാലത്തിന്റെ നിർമ്മാണത്തിനും ആവശ്യമായിട്ടുള്ള അനുമതി നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഷൺമുഖം കനാലിനു കുറുകെ പാലം നിർമ്മിക്കുന്നതിന് 95 ലക്ഷം രൂപയുടെ ഭരണാനുമതി 21/6/2012-ലെ ഗവൺമെന്റ് ഉത്തരവ് മുഖേന നൽകുകയുണ്ടായി. പ്രസ്തുത പണിക്കായി ഇറിഗേഷൻ വകുപ്പ് വിശദമായ പര്യവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനുശേഷം ഐ.ഡി.ആർ. ബി.-യുടെ രൂപകല്പന പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്രസ്തുത പണിക്കായുള്ള ചെലവ് 195 ലക്ഷം രൂപയായി ഉയർന്നതിനാൽ സർക്കാർ മുമ്പാകെ പുതുക്കിയ ഭരണാനുമതിക്കായുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ഷൺമുഖം കനാലിന്റെ രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് 7 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ക്കുവേണ്ടിയുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തീരുമാനം സർക്കാർ എടുക്കുന്നതാണ്.

## പ്രവാസികളുടെ പുനരധിവാസം

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, സൗദി അറേബ്യയിലെ സ്വദേശിവൽക്കരണ നിയമംമൂലം നിരവധി പ്രവാസികൾ നമ്മുടെ നാട്ടിൽ തിരിച്ചെത്തുകയുണ്ടായി. ഇവർക്കുവേണ്ടി ഒരു പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് നടപ്പാക്കുന്നത് സംബന്ധിച്ച് യാതൊരു നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതുകൊണ്ടാണ് ഈ വിഷയം വീണ്ടും സഭയിൽ ഉന്നയിക്കേണ്ടിവന്നത്. സൗദി അറേബ്യയിൽനിന്നും ജോലി നഷ്ടപ്പെട്ട് കാൽലക്ഷം പേരാണ് നാട്ടിലെത്തിയതെന്നാണ് സർക്കാരിന്റെ ഔദ്യോഗിക കണക്ക്. ഇവരിൽ 165 പേരൊഴികെ എല്ലാവരും സ്വന്തം ചെലവിലാണ് നാട്ടിലെത്തിയത്. മടങ്ങിവന്നവരിൽ 90 ശതമാനം പേരും എയർപോർട്ടുകളിലെ നോർക്ക സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഇപ്പോൾ എയർപോർട്ടുകളിൽ രജിസ്റ്റർ ചെയ്യാൻ അവസരവുമില്ല. ടിക്കറ്റ് ചാർജ് കുറവായതിനാൽ മംഗലാപുരം, കോയമ്പത്തൂർ എയർപോർട്ടുകളിൽ വന്നിറങ്ങിയ പതിനായിരത്തോളം പേരുണ്ട്. നിതാഖത്ത് നിയമത്തിൽപ്പെട്ടവരുടെ കൂട്ടത്തിൽ ഇവരെ ഇതുവരെ ഉൾപ്പെടുത്താൻ സർക്കാരും ബന്ധപ്പെട്ട ഏജൻസികളും ശ്രമിച്ചിട്ടില്ല എന്ന വ്യാപകമായ പരാതി നിലനിൽക്കുന്നുണ്ട്. ജോലി നഷ്ടപ്പെട്ടവർക്ക് കാനറാ ബാങ്കിന്റെ സഹായത്തോടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് മന്ത്രി നേരത്തെ പറഞ്ഞിരുന്നുവെങ്കിലും എങ്ങനെ നടപ്പാക്കുമെന്നോ എത്ര ശതമാനം പലിശ നിരക്കിൽ വായ്പ നൽകുമെന്നോ ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഭൂമി ഈടു നൽകാത്തവർക്ക് ലോൺ നൽകുമോ എന്ന കാര്യത്തിലും അവ്യക്തത നിലനിൽക്കുകയാണ്. പിന്നോക്ക വികസന കോർപ്പറേഷൻ നാലുശതമാനം പലിശ നിരക്കിൽ വായ്പ നൽകുമെന്ന് പറഞ്ഞെങ്കിലും നിലവിലുള്ള

അപേക്ഷകളിൽതന്നെ ഒരുവർഷമായിട്ടും തീർപ്പുകല്പിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. പിന്നെ എങ്ങനെയാണ് നിതാഖത്ത് വായ്പ അനുവദിക്കുക എന്ന് മനസ്സിലാകുന്നില്ല. പ്രവാസികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 20/6/2012-ൽ ഈ സഭയിൽ ഞാൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അന്ന് നൽകിയ മറുപടിയിൽ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രധാനപ്പെട്ട ഗൾഫ് രാജ്യങ്ങളിൽ നോർക്ക ഉപദേശക സമിതികൾ രൂപീകരിക്കുമെന്ന് പറഞ്ഞിരുന്നു. ഇതുവരെയും അതിന് നടപടികൾ സ്വീകരിച്ചതായി അറിയില്ല. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് ഏതൊക്കെ പ്രോജക്ടുകളാണ് സാധ്യതയുള്ളതെന്നും ഏതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളതെന്നും സംബന്ധിച്ച വ്യക്തമായ ഒരു ധാരണ നിലവിലില്ല. അത്തരം ആളുകൾക്ക് അവബോധമുണ്ടാക്കുന്നതിനുവേണ്ടി പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നതായും ഇതിനുവേണ്ടി മാസ്റ്റർ ട്രെയിനർമാരെ നിയമിക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് ഇതിലെ ഒരു കാൽവയ്പ്പായി ഞാൻ കാണുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്കുവഹിക്കുന്ന പ്രവാസി സമൂഹത്തിന്റെ പുനരധിവാസ പാക്കേജിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതും സ്വാഗതാർഹമായ നടപടിയാണ്. കേരളത്തിലെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ചും പ്രവാസികളുടെ നിക്ഷേപ അവസരങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുന്നതിന് സെമിനാറുകളും മറ്റും സംഘടിപ്പിക്കുന്നതിനും വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള

പ്രവാസികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും ബഡ്ജറ്റിൽ ഫണ്ടുൾക്കൊള്ളിച്ചതും ആശ്വാസകരമായ നടപടികളാണ്. എന്നാൽ എല്ലാ പദ്ധതികളും പ്രഖ്യാപനത്തിൽ ഒതുങ്ങുകയാണ് എന്നുള്ളത് പ്രവാസികൾ സ്ഥിരമായി ഉന്നയിക്കുന്ന ഒരു പരാതിയാണ്. ആയതുകൊണ്ട് ഇത്തരമൊരു പരാതിക്ക് അവസരം നൽകാതെ പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെല്ലാം എത്രയും വേഗം തുടക്കം കുറിക്കുന്നതിന് നടപടിയുണ്ടാകണമെന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്):</u> സർ, ബഹുമാനപ്പെട്ട പി. ഉബൈദുള്ള ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുക യാണ്. അദ്ദേഹം പ്രകടിപ്പിച്ച ഉത്കണ്ഠയും ആശങ്കയും അതിന്റെ ഗൗരവത്തിലും പ്രാധാന്യത്തിലും ഗവൺമെന്റ് കണക്കാക്കുകയാണ്. വിദേശ മലയാളികളുടെ വിഷയങ്ങളിൽ തീർച്ചയായും ഗവൺമെന്റ് അധികമായി താല്പര്യം കാണിക്കുന്നുണ്ട്. അത് അദ്ദേഹത്തിന് അറിയാം, സഭയ്ക്കറിയാം, സമീപകാലത്ത് നിതാഖത്ത് വിഷയമുണ്ടായ അവസരത്തിൽ കേന്ദ്ര ഗവൺമെന്റാണെങ്കിലും സംസ്ഥാന ഗവൺമെന്റാണെങ്കിലും വളരെ ഗൗരവമായിട്ടാണ് കാര്യങ്ങൾ കൈകാര്യം ചെയ്തത്. കേന്ദ്ര പ്രവാസികാര്യ മന്ത്രി ശ്രീ. വയലാർ രവിയും വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദ് സാഹിബും സൗദി അറേബ്യയിൽ പോയി സൗദി ഭരണാധികാരികളെ കണ്ട് നിതാഖത്ത് വിഷയം സംബന്ധിച്ച് പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ശ്രമിച്ചു. അതിന്റെ ഫലമായി സൗദി ഗവൺമെന്റ് വലിയ

വിട്ടുവീഴ്ച ചെയ്തിട്ടുണ്ട്. നിയമവിധേയമല്ലാതെ താമസിക്കുന്ന ആളുകളുടെ കാര്യത്തിൽ നിയമവിധേയമാക്കുന്നതിന് ഒരു ഗവൺമെന്റിന് സാധ്യമാകുന്ന എല്ലാ പരിഗണനയും സൗദി ഗവൺമെന്റ് നൽകുകയുണ്ടായി. അതിന് വളരെയേറെ കടപ്പാട് സംസ്ഥാന ഗവൺമെന്റിനുണ്ട്. ഇവിടെ ലഭ്യമായ കണക്കനുസരിച്ച് ഏതാണ്ട് 20000–ത്തോളം പേരാണ് മടങ്ങിയെത്തിയിരിക്കുന്നത്. അവരുടെ പുനരധിവാസത്തിന് വലിയ മുൻഗണന ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ദിവസം അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ അതിനുവേണ്ടി 10 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ആ തുക മതിയാകുമെന്ന അഭിപ്രായം ഗവൺമെന്റിനില്ല. അത് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് മടങ്ങിവരുന്നവർക്കുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട അംഗത്തിനറിയാവുന്നതുപോലെ സംസ്ഥാന ക്യാബിനറ്റിന്റെ ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി സമഗ്രമായ പഠനം നടത്തി ഒരു കോംപ്രിഹെൻസീവ് പാക്കേജ് സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സഹായത്തിന് അപേക്ഷ ക്ഷണിച്ചു. ഏതാണ്ട് 19498 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഈ അപേക്ഷകളെ ആഗ്രി ബിസിനസ്, ട്രേഡിംഗ്, സർവ്വീസ്, മാനുഫാക്ച്ചറിംഗ് എന്നിങ്ങനെ നാലു് കാറ്റഗറികളാക്കി തിരിച്ച് പ്രോസസ് ചെയ്യുകയാണ്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബാങ്കുകളുമായി ഒരുവട്ടം ചർച്ച ചെയ്തു. സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയിൽ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന 75000 കോടി രൂപയിൽ ഒരു വലിയ പങ്കും പോകുന്നത് ബാങ്കുകളിലെ ഡിപ്പോസിറ്റായിട്ടാണ്. അതുകൊണ്ട് കേരളത്തിലെ ബാങ്കുകൾക്ക് ഒരു

സാമൂഹിക ബാധ്യതയുണ്ട്. ആ കാര്യം എസ്.എൽ.ബി.സി.-യിൽ ഉന്നയിച്ചു. അവർ വായ്പാ പദ്ധതിയുമായി സഹകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ ലഭ്യമായ അപേക്ഷകൾ പ്രോസസ് ചെയ്യുകയാണ്. ഒന്നാം ഘട്ടമായി 173 പേർക്ക് കാനറാ ബാങ്കുമായി ബന്ധപ്പെട്ട് ടാക്സി സർവ്വീസ് തുടങ്ങുന്നതിന് വാഹനത്തിനുള്ള വായ്പ അറേഞ്ച് ചെയ്തു കഴിഞ്ഞിരിക്കുകയാണ്. ഒന്നാം ഘട്ടം അവർക്ക് കൊടുത്തുകഴിഞ്ഞു. തീർച്ചയായും അവരുടെ ടേസ്റ്റ് പരിഗണിച്ചുകൊണ്ട് ഈ കാര്യത്തിൽ പദ്ധതിയുണ്ടാക്കുന്നതാണ്. ഒരു കാര്യം മനസ്സിലാക്കേണ്ടത്, സംസ്ഥാനത്തിനു മാത്രമായി ഇവരെ സഹായിക്കാൻ സാധിക്കുകയില്ല. പക്ഷേ, ഗവൺമെന്റിന്റെ ഓരോ പദ്ധതികളുണ്ട്. കൃഷി വകുപ്പിന്റെ ഹൈടെക് ഫാമിംഗ്, അതുപോലെ ഡയറി വകുപ്പിന്റെ ഡയറി ഫാമിംഗ് ഈ മേഖലകളിൽ താല്പര്യമുള്ള ആളുകൾക്ക് അവരുടെ താല്പര്യമറിഞ്ഞ് സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. എസ്.സി. വിഭാഗത്തിൽപ്പെട്ട ആളുകൾക്കുള്ള മൂന്ന് ശതമാനം പലിശയിൽ വായ്പ നൽകുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു മാസത്തിനുള്ള ആ പലിശയ്ക്ക് വായ്പ കൊടുത്തു തുടങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ വീഴ്ച ഉണ്ടാവുകയില്ല. തീർച്ചയായും ബാങ്കുകളുമായും മറ്റു ധനകാര്യ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് ഫണ്ട് സമാഹരിക്കാനും ശ്രമിക്കും. ഗൾഫ് മലയാളികളുടെ പുനരധിവാസത്തെ ഗവൺമെന്റ് വളരെയേറെ പ്രാധാന്യത്തോടെയാണ് കാണുന്നത്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഗൾഫ് രാജ്യങ്ങളിൽ അഡ്വൈസറി കമ്മിറ്റികൾ ഉടനെ രൂപീകരിക്കുന്നതാണ്. തീർച്ചയായും ഗൾഫ് മലയാളികളോട് വലിയ കടപ്പാട് കേരളത്തിനുണ്ട്. കാരണം കേരളത്തിന്റെ

സമ്പദ്ഘടനയുടെ അടിത്തറ ഗൾഫ് മലയാളികളുടെ വിയർപ്പാണ്, അവരുടെ കഠിനാധ്വാനമാണ്. അതുകൊണ്ടുത്തന്നെ അവരുടെ കാര്യത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുവാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാ ശ്രമങ്ങളുമുണ്ടാകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

**എൽ.ബി.എസ്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം**

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പൂർണ്ണമായും ഗവൺമെന്റ് ഉടമയിലുള്ള നല്ല നിലയിൽ നടക്കുന്ന സ്ഥാപനമാണ് ലാൽ ബഹാദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് & ടെക്നോളജി. ഈ സ്ഥാപനത്തിന്റെ കീഴിൽ കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജുണ്ട്. കേരളത്തിന്റെ ആദ്യത്തെ വനിതാ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിച്ചിട്ടുണ്ട്. അഞ്ഞൂറോളം സ്ഥിരം ജീവനക്കാരാണ് ഈ സ്ഥാപനത്തിലുള്ളത്. ഈ സ്ഥാപനത്തിനുവേണ്ടി ഒരു പൈസയും ഗവൺമെന്റ് ചെലവാക്കുന്നില്ല. സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളവും മറ്റും കണ്ടെത്തുന്നത് ഈ സ്ഥാപനം നടത്തുന്ന കോഴ്സുകളിലൂടെയും മറ്റു പ്രവർത്തനങ്ങളിലൂടെ യുമാണ്. 2009–ൽ സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ഒമ്പതാം ശമ്പള പരിഷ്ക്കരണം നാളിതുവരെ എൽ.ബി.എസ്.–ൽ നടപ്പാക്കിയിട്ടില്ല. ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ ഓരോ കാരണം പറഞ്ഞ് മന:പൂർവ്വം കാലതാമസം വരുത്തുന്നു എന്നാണ് അവർ ആരോപിക്കുന്നത്. ഈ സ്ഥാപനത്തിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിലൂടെ സർക്കാർ ഖജനാവിൽനിന്നും ഒരു രൂപ പോലും നഷ്ടപ്പെടാത്ത സാഹചര്യത്തിൽ ശമ്പള പരിഷ്ക്കരണം വൈകിപ്പിക്കുന്നത് കടുത്ത അനീതിയാണ്. പ്രസ്തുത സ്ഥാപനത്തിൽ ശമ്പള

പരിഷ്ക്കരണം നടപ്പിലാക്കുന്നതിനുള്ള നീക്കിയിരിപ്പ് തുകയുണ്ടെന്ന് കാണിച്ച് എൽ.ബി.എസ്. ഡയറക്ടർ ഗവൺമെന്റിലേക്ക് കത്തെഴുതിയിട്ടും ധന വകുപ്പ് ഉദ്യോഗസ്ഥൻ ഓരോ ചോദ്യങ്ങൾ ചോദിച്ച് നാലുവർഷമായി കാലതാമസം സൃഷ്ടിക്കുകയാണ്. ഇപ്പോൾ പത്താം ശമ്പള പരിഷ്ക്കരണത്തിനുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടും ഒമ്പതാം ശമ്പള പരിഷ്ക്കരണകാലത്തെ ശമ്പള പരിഷ്ക്കരണം എൽ.ബി.എസ്.-ലെ ജീവനക്കാർക്ക് നടപ്പാക്കുന്നില്ല എന്നുള്ളത് കടുത്ത അനീതിയാണ്. ഈ വിഷയങ്ങൾ മുൻനിറുത്തി ഇന്ന് ജീവനക്കാർ പണിമുടക്കി നിയമസഭാ മാർച്ച് നടത്തുകയാണ്. ഈ അവസരത്തിലെങ്കിലും ശമ്പള പരിഷ്ക്കരണം നടപ്പാക്കാനും അവർ ഉന്നയിക്കുന്ന ഇതര ആവശ്യങ്ങൾ അംഗീകരിക്കാനും ഗവൺമെന്റ് സന്നദ്ധത കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, എൽ.ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിലെ ജീവനക്കാർക്കും അതിനുകീഴിലുള്ള അദ്ധ്യാപകേതര ജീവനക്കാർക്കും പേ റിവിഷൻ നടപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിക്കുകയും ആയത് പരിശോധിച്ചപ്പോൾ എൽ.ബി.എസ്സ്.-ലും അതിനുകീഴിലുള്ള കോളേജുകളിലും മുൻകാലങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളിൽ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കിയിട്ടില്ല എന്നു കാണുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിന് മുന്നോടിയായി ധനവകുപ്പിന്റെ പരിശോധനയ്ക്കും വിലയിരുത്തലിനുംശേഷം 11-9-2013-ലെ സർക്കാർ ഉത്തരവ് എം.എസ്.നമ്പർ.614/2013/.ഉ.വി.വ. പ്രകാരം സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്ത് ഉത്തരവുണ്ടായി. ഇതിന് തുടർച്ചയായി കേരളത്തിലെ സർക്കാർ ജീവനക്കാർക്ക്

2009-ൽ നടപ്പിലാക്കിയ 9-ാം ശമ്പള പരിഷ്കരണം എൽ.ബി.എസ്-ലും നടപ്പിലാക്കുന്ന നടപടിയുടെ ഭാഗമായി ബന്ധപ്പെട്ട കാര്യങ്ങൾ ധനവകുപ്പ് പരിശോധിച്ചുവരികയാണ്. ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായാലുടൻ തന്നെ എൽ.ബി.എസ്. -ലും ശമ്പള പരിഷ്കരണം നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസുകൾ)